കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാളികാവ് ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.6/2827/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി. 04/01/2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,

(സെക്രട്ടറി മുഖേന)

കാളികാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കാളികാവ് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ

4)കാര്യാലയ പകർപ്പ്

എബികെ

നം കെ.എസ്.എ.എം.പി.എം.6/2827/2019

തിയ്യതി: 04/01/2020

## മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/09/2018 മുതൽ 16/11/2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : അജിത്ത് .ആർ

ഡെപ്യൂട്ടി ഡയറക്ടർ.(ഹ.ഗ്രേ.)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 16-11-2019 മുതൽ 27-11-2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി പി അബ്ദുൾജലീൽ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| ശ്രീ. വേലായുധൻ കെ ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ .ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. റഷീദ് വി | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. നജീബ് കരുവത്തിൽ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ഷാജി ടി എച്ച് | 01.04.2018 മുതൽ 29.09.2018 FNവരെ |
| ശ്രീമതി.ജാനറ്റ് പോൾ | 29.09.2018 AN മുതൽ 30.07.2018 വരെയും<br>20.08.2018 മുതൽ 21.03.2019 FN വരെയും |
| ശ്രീമതി.മെയ്ദിനി പി എം (അധിക ചുമതല) | 31.07.2018 മുതൽ 19.08.2018 വരെയും |
| ശ്രീമതി.രജനി രവീന്ദ്രൻ (അധിക ചുമതല) | 21.03.2019 AN മുതൽ 31.03.2019 വരെയും |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ജംഷീർ | 01.04.2018മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ലിജോ ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സഫിയ .പി | 01.04.2018മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.സുരേഷ്കുമാർ എൻ ബി | 01.04.2018മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ദിവ്യ.ജി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം)(ആയുഷ് ) | ഡോ.സൗമ്യ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. സുമേഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ജസീല വളപ്പിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.മുരളീധരൻപിള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ്എഞ്ചിനീ യർ | ശ്രീ. അനോജ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മിനിജ.പി | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീമതി.മെയ്ദിനി പി എം | 21.06.2018 മുതൽ 10.10.2018 വരെ |
| | ശ്രീമതി.രജനി രവീന്ദ്രൻ | 11.10.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 | |
| 12 | ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിലെ കാലതാമസം. | 1-12 | |
| 13 | ലൈസൻസ് ഇല്ലാതെ ലൈഫ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു. | 1- 13 | |
| 14 | ലേലത്തിന് ജി.എസ്.ടി ഈടാക്കിയില്ല - കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 16,002/- രൂപ നഷ്ടം. | 1-14 | |
| 15 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത. | 1-15 | |
| 16 | ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-16 | |
| 17 | NREGS-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകി | 1-17 | |
| 18 | കിണർ ശുചിയാക്കൽ-സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-18 | |
| 19 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ബെയിലിംഗ് യൂണിറ്റ് എന്നിവ വാങ്ങൽ | 1-19 | |
| 20 | ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ അംശദാനം അടവാക്കിയില്ല. | 1-20 | |
| 21 | വാഹനത്തിന്റെ ഇൻഷ്വറൻസ് യഥാസമയം അടവാക്കിയില്ല.-ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത | 1-21 | |
| 22 | മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു. | 1-22 | |
| 23 | കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. | 1-23 | |
| 24 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -ക്ഷീരവകുപ്പിന്റെ | 1-24 | |

| | | | |
|---|---|---|---|
| | വിഹിതം ചേർത്തു ആനുകൂല്യം നൽകി | | |
| 25 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - അപാകതകൾ | 1-25 | |
| 26 | മുഴുവൻ മരുന്നുകളുംലഭ്യമായില്ല | 1-26 | |
| 27 | പുളിയംകല്ല് വാരിക്കൽ SC കോളനി കിണർ നിർമാണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ | 1-27 | |
| 28 | പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. | 1-28 | |
| 29 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. | 1-29 | |
| 30 | സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-30 | |
| 31 | തപാലുകൾ കൈകാര്യം ചെയ്യുന്നതിലെ വീഴ്ചകൾ | 1-31 | |
| 32 | ഫിറ്റ്നസ് ഇല്ലാതെയും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയും അപകടകരമായ അവസ്ഥയിൽ അംഗനവാടികൾ പ്രവർത്തിയ്ക്കുന്നു. | 1-32 | |
| 33 | ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത ഭാഗത്തെ റോഡ് കോൺക്രീറ്റ്-പദ്ധതി രൂപീകരണത്തിൽ ഗുരുതരമായ വീഴ്ച | 1-33 | |
| ഭാഗം II വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 34 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത. | 2-1 | |
| ഭാഗം III ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 35 | പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. | 3-1 | |
| 36 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. | 3-2 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 37 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-2 | |
| 39 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-5 | |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-6 | |
| 43 | ഓഡിറ്റ് റിക്കവറി | 4-7 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 | |
| 45 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |
| 48 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ പുതുക്കിയ ബജറ്റ് 28.03.19തിയതിയിലെ 1-ാംതീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 20.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,11,21,464 |
| വരവ് | 10,82,47,378 |
| ആകെ | 11,93,68,842 |
| ചെലവ് | 9,95,71,818 |
| നീക്കിയിരിപ്പ് | 1,97,97,024 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24363000 | 24363000 | 24094521 | 268479 |
| വികസനഫണ്ട് എസ്.സി.പി. | 0 | 75,71,000 | 75,71,000 | 64,95,037 | 10,75,963 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,71,000 | 2,71,000 | 1,45,313 | 1,25,687 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,13,85,000 | 1,13,85,000 | 1,13,15,584 | 69,416 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 49,56,000 | 49,56,000 | 36,68,688 | 12,87,312 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,13,08,000 | 1,13,08,000 | 93,60,276 | 19,47,724 |
| എം.എൻ.ആർ.ഇ.ജി.എസ്. (അഡ്മിൻ) | 2050 | 501500 | 503550 | 490265 | 13285 |
| എം.എൻ.ആർ.ഇ.ജി.എസ്(ഇ എഫ് എം എസ് ) | 0 | 20717071 | 20717071 | 20717071 | 0 |
| ബി ഫണ്ട് | 0 | 5,40,41,740 | 5,40,41,740 | 5,40,41,740 | 0 |
| തനത് ഫണ്ട് ,കാളികാവ് | 4896726 | 4364423 | 9261149 | 7680767 | 1580382 |

| | | | | | |
|---|---|---|---|---|---|
| സർവ്വീസ് സഹകരണബാങ്ക് | | | | | |
| ട്രഷറി ടി എസ് ബി | -549238 | 13266071 | 12716833 | 7263082 | 5453751 |
| തനത് ഫണ്ട് -കനറ ബാങ്ക് | 1367308 | 5610985 | 6978293 | 1046769 | 5931524 |
| കാളികാവ് സർവ്വീസ് കോ.ഓപ്പ് .ബാങ്ക് -കുടുംബശ്രീ | 26992 | 945 | 27937 | 0 | 27937 |
| പി എൻ ബി ബിൽ സിസ്റ്റം | 630217 | 22274 | 652491 | 0 | 652491 |
| പി എൻ ബി -വെസ്റ്റേൺ ഫ്ലാട്ട് | 42278 | 1499 | 43777 | 0 | 43777 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | 50000 | 5504365 | 5554365 | 5549000 | 5365 |
| കനറ ബാങ്ക്-ഒ എ പി | 318811 | 11307 | 330118 | 0 | 330118 |
| എസ് എസ് എ(പി എൻ ബി ) | 2369762 | 954872 | 3324634 | 61185 | 3263449 |
| സാക്ഷരത (പി എൻ ബി ) | 0 | 63,152 | 63,152 | 0 | 63,152 |
| എസ് ബി ഐ -ഇ പേമെന്റ് | 66535 | 143423 | 209958 | 0 | 209958 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | 115634221 | 182 | 83460713 | 4 | 47 | 79 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2050 | 501500 | 503550 | 490265 | 13285 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 20717071 | 20717071 | 20717071 | 0 |
| ആകെ | 2050 | 21218571 | 21220621 | 21207336 | 13285 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 279840 | 202 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2384800 | 181 |
| വിധവാപെൻഷൻ | 19633400 | 1585 |
| വാർദ്ധക്യകാലപെൻഷൻ | 24706400 | 1879 |
| വികലാംഗപെൻഷൻ | 5959800 | 477 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 801200 | 67 |
| | | |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.11.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9832 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

1)വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ രൂപീകരിച്ച ശേഷം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്.പ്രോജക്ടുകൾ നിർവ്വഹണം നടത്തിയത് മോണിറ്ററിംഗ് ചെയ്യുകയാണ് സമിതിയുടെ കടമ.എന്നാൽ ഒരു മോണിറ്ററിംഗ് സമിതിയും പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.അപാകത പരിഹരിക്കേണ്ടതാണ്.

2) അളവുപുസ്തകം, ടെണ്ടർഫോറം എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3)നിർമ്മാണ ക്ഷേമനിധി വിഹിതം അടച്ചതിന്റെ രശീതി വാങ്ങി സൂക്ഷിക്കുന്നില്ല.

4)ഇ- ടെണ്ടർഫോമുകളുടെ വില മുൻവർഷങ്ങളിൽ ലഭിക്കാനുള്ളത് ലഭ്യമാക്കിയിട്ടില്ല.

5) വർഷങ്ങളായി ഒരു ഇടപാടും നടക്കാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും പ്രസ്തുത അക്കൗണ്ടിലെ ബാക്കി തുക അർഹമായ അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

ഉദാ. കനറബാങ്ക് (ഒ എ പി ), പി എൻ ബി (പശ്ചിമഘട്ട വികസനം),കുടുംബശ്രീ എന്നിവ

6) പ്രോജക്ടുകളുടെ രൂപീകരണത്തിൽ വ്യക്തമായ കാഴ്ചപ്പാടും സുതാര്യതയും ഉണ്ടായിരിക്കേണ്ടതാണ്. പാറശ്ശേരി - റാവുത്തർകാട് റോഡ് പ്രവൃത്തി സംബന്ധിച്ച ഖണ്ഡിക (1-33) കാണുക

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.2019 | 01.10.19 മുതൽ 31.10.19 വരെ | 07.11.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.2012 | 2007-08 മുതൽ 2011-12 വരെ | 17.12.12 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. Advance collection of revenue D & O licecnce fee ഇനത്തിലെ വരവ് എഎഫ്എസ് പ്രകാരം 108500 രൂപയും ഡിമാന്റ് റജിസ്റ്റർ പ്രകാരം 108900 രൂപയുമാണ്.

2. NREGS റസിപ്റ്റ് പെയ്മെന്റ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| മുൻ ബാക്കി | 2050 |
| റസിപ്റ്റ് | 501500 |
| ആകെ | 503550 |
| പെയ്മെന്റ് | 265 |
| ബാലൻസ് | 13265 |

490020 രൂപയുടെ വ്യത്യാസം ഉണ്ട്.

കൂടാതെ ,ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെൻറിലെ ഷെഡ്യൂൾ 1-6,1-14(a)എന്നിവയിലെ വിവരങ്ങൾ തമ്മിലും പൊരുത്തമില്ല.

3. B18 schedule പ്രകാരം Other Advances 11480 രൂപയും Advances to thers 91000 രൂപയും ഉണ്ട്. ആയതിന്റെ വിവരങ്ങൾ അഡ്വാൻസ് റജിസ്റ്ററിൽ ലഭ്യമല്ല.

4. ഡെപ്പോസിറ്റ് റജിസ്റ്ററിൽ ഓരോ ഇനം ഡെപ്പോസിറ്റുകളുടെയും ഇനം തിരിച്ച വിവരങ്ങൾ ലഭ്യമല്ല.

5. വസ്തു നികുതി ഡിമാന്റ്, പിരിവ്, ബാലൻസ് എന്നിവ സംബന്ധിച്ച എഎഫ്എസ്, ഡിമാന്റ് റജിസ്റ്റർ എന്നിവയിലെ കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. കണക്കുകൾ താഴെ ചേർക്കുന്നു.

| റസിഡൻഷ്യൽ കുടിശ്ശിക | | |
|---|---|---|
| | എഎഫ്എസ് പ്രകാരം | ഡിമാന്റ് റജിസ്റ്റർ പ്രകാരം |
| ഡിമാന്റ് (ലൈബ്രറി സെസ് ഉൾപ്പെടെ) | 130508 | 134828 |
| പിരിവ് | 124074 | 126641 |
| ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ) | 00 | 4587 |

| റസിഡൻഷ്യൽ തൻവർഷം | | |
|---|---|---|
| | എഎഫ്എസ് പ്രകാരം | ഡിമാന്റ് റജിസ്റ്റർ പ്രകാരം |
| ഡിമാന്റ് | 2307623 | 2307623 |
| പിരിവ് | 2306184 | 2308039 |
| ബാലൻസ് | 00 | 682 |

| നോൺ റസിഡൻഷ്യൽ കുടിശ്ശിക | | |
|---|---|---|
| | എഎഫ്എസ് പ്രകാരം | ഡിമാന്റ് റജിസ്റ്റർ പ്രകാരം |
| ഡിമാന്റ് (ലൈബ്രറി സെസ് | 172789 | 175719 |

| | | |
|---|---|---|
| ഉൾപ്പെടെ) | | |
| പിരിവ് | 125377 | 128169 |
| ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ) | 41119 | 41119 |

| നോൺ റസിഡൻഷ്യൽ തൻവർഷം | | |
|---|---|---|
| | എഎഫ്എസ് പ്രകാരം | ഡിമാന്റ് റജിസ്റ്റർ പ്രകാരം |
| ഡിമാന്റ് | 2056967 | 2056967 |
| പിരിവ് | 2040400 | 2061935 |
| ബാലൻസ് | 13509 | 12864 |

6. വസ്തു നികുതി ഡിമാന്റ്, പിരിവ്, ബാലൻസ് എന്നിവ സംബന്ധിച്ച് സഞ്ചയ ഡി.സി.ബി കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല. കണക്കുകൾ താഴെ ചേർക്കുന്നു.

<table>
<tr><td colspan="5">നോൺ റസിഡൻഷ്യൽ</td></tr>
<tr><td></td><td colspan="2">കുടിശ്ശിക</td><td colspan="2">തൻവർഷം</td></tr>
<tr><td>ഡിമാന്റ്</td><td colspan="2">166429</td><td colspan="2">2056967</td></tr>
<tr><td>പിരിവ്</td><td>128169</td><td rowspan="3">128961</td><td>2061935</td><td rowspan="3">2083888</td></tr>
<tr><td>മുൻകൂർ ക്രമീകരണം</td><td>0</td><td>21953</td></tr>
<tr><td>ആകെ പിരിവ്</td><td></td><td></td></tr>
<tr><td>ബാലൻസ്</td><td colspan="2">39147</td><td colspan="2">12864</td></tr>
<tr><td>ശരിയായ ബാലൻസ്</td><td colspan="2">37468</td><td colspan="2">(26921)</td></tr>
</table>

<table>
<tr><td colspan="5">റസിഡൻഷ്യൽ</td></tr>
<tr><td></td><td colspan="2">കുടിശ്ശിക</td><td colspan="2">തൻവർഷം</td></tr>
<tr><td>ഡിമാന്റ്</td><td colspan="2">128121</td><td colspan="2">2307623</td></tr>
<tr><td>പിരിവ്</td><td>126641</td><td rowspan="3">126641</td><td>2308039</td><td rowspan="3">2345750</td></tr>
<tr><td>മുൻകൂർ ക്രമീകരണം</td><td>0</td><td>37711</td></tr>
<tr><td>ആകെ പിരിവ്</td><td></td><td></td></tr>
<tr><td>ബാലൻസ്</td><td colspan="2">4353</td><td colspan="2">682</td></tr>
<tr><td>ശരിയായ ബാലൻസ്</td><td colspan="2">1480</td><td colspan="2">(38127)</td></tr>
</table>

7. Liability in respect of stale cheque എന്ന ശീർഷകത്തിൽ 10480/- രൂപയുണ്ട്. സ്ഥാപനം നൽകിയതും പണമാക്കാത്തതുമായ കാലാവധി കഴിഞ്ഞ ചെക്കുകൾ 350800101 ഹെഡിലേക്ക് രസീത് ചെയ്യേണ്ടതും 3 വർഷം കഴിഞ്ഞവയാണെങ്കിൽ വരവായി രസീത് ചെയ്യേണ്ടതുമാണ്. സ്ഥാപനം ഹാജരാക്കിയ രേഖകൾ പ്രകാരം ഈ ശീർഷകത്തിൽ വരുന്ന 10480/- രൂപയും 3 വർഷം കാലാവധി കഴിഞ്ഞ ചെക്കുകൾ ആണ്.

8. മുൻവർഷത്തെ എ.എഫ്.എസ് സർട്ടിഫിക്കറ്റിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.

9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10. സംയുക്ത പദ്ധതികൾക്ക് ലഭിച്ചിട്ടുള്ള ഫണ്ടിന്റെ നീക്കിയിരിപ്പ് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-12 ഭേദഗതി പ്രകാരമുള്ള പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിലെ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ഓഡിറ്റ് തിയ്യതി വരെ നിശ്ചയിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ 404 അപേക്ഷകരിൽ നിന്നായി 1,29,800/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ: 01/20.11.2019) പുതുക്കിയ നിരക്ക് പ്രകാരമുള്ള ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-13 ലൈസൻസ് ഇല്ലാതെ ലൈഫ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു.

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിക്കാതെയും 100 പക്ഷികളിൽ കൂടുതലുള്ള പൗൾട്രി ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോവാനോ പാടുള്ളതല്ല. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ രേഖകൾ പ്രകാരം 79 പൗൾട്രി ഫാമുകൾ നിലവിലുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ 9 പൗൾട്രി ഫാമുകൾക്ക് കെട്ടിടനമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ രണ്ട് ഫാമുകൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മതിയായ ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിന് യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/25.11.19) നൽകിയ മറുപടിയിൽ കെട്ടിട നമ്പർ അനുവദിച്ച ഫാമുകളിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പായവക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും അല്ലാത്തവ പരിശോധിച്ച ശേഷം നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 ലേലത്തിന് ജി.എസ്.ടി ഈടാക്കിയില്ല - കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 16,002/- രൂപ നഷ്ടം.

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലേലം ഇനത്തിൽ താഴെ പറയുന്ന പ്രകാരം 1,77,800/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ലേലത്തുകക്ക് ജി.എസ്.ടി ഈടാക്കാത്തതിനാൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 16,002/- രൂപ വീതം (ആകെ 32,004/- രൂപ) നഷ്ടം സംഭവിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ലേലം കൊണ്ടയാളുടെ പേരും വിലാസവും. | ലേലത്തുക |
|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ലേലം. | ശ്രീ.മുഹമ്മദ് ഇസ്ഹാഖ്, അമ്പലയൻ ഹൗസ്, കാളികാവ്. | 1,60,900/- രൂപ. |
| 2 | കംഫർട്ട് സ്റ്റേഷൻ ലേലം. | ശ്രീ.മുഹമ്മദ് ഇസ്ഹാഖ്, അമ്പലയൻ ഹൗസ്, കാളികാവ്. | 14,200/- രൂപ. |
| 3 | ഫലവൃക്ഷങ്ങളുടെ ലേലം. | ശ്രീ.അഹമ്മദ്കുട്ടി, കോലോത്തുംതൊടിക ഹൗസ്, കാളികാവ്. | 2,700/- രൂപ. |
| ആകെ | | | 1,77,800/- രൂപ. |
| എസ്.ജി.എസ്.ടി (9%) | | | 16,002/- രൂപ. |
| സി.ജി.എസ്.ടി (9%) | | | 16,002/- രൂപ. |

ജി.എസ്.ടി ഈടാക്കാത്തതിന് മതിയായ കാരണമുണ്ടെങ്കിൽ അറിയിക്കേണ്ടതും അല്ലാത്ത പക്ഷം നഷ്ടത്തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ: 10/25.11.2019)

## 1-15 വസ്തുനികുതി നിർണ്ണയത്തിലെ അപാകത.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ ഉടമസ്ഥതയിൽ ആണെങ്കിലോ, ഒരാളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളുണ്ടെങ്കിലോ, കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ വ്യത്യസ്ത ഉപയോഗങ്ങൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്യുമ്പോഴാണ് കെട്ടിടത്തിന് വെവ്വേറെ കെട്ടിടനമ്പറുകൾ നൽകി നികുതി ചുമത്തേണ്ടത്. ശ്രീ.മുഹമ്മദ് നജീബ്, നീലാമ്പ്ര ഹൗസ്, പുന്നപ്പാല.പി.ഒ, എറിയാട് എന്നവരുടെ ഉടമസ്ഥതയിലുള്ള 800.07 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കെട്ടിടനമ്പർ അനുവദിച്ച് തരുന്നതിന് അപേക്ഷ നൽകിയപ്പോൾ 26 പ്രത്യേക നമ്പറുകൾ നൽകി 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തുനികുതി നികുതി നിർണ്ണയിച്ച് നൽകി. ഈ കെട്ടിടം ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതാണ്. തക്കതായ കാരണങ്ങൾ കാണിച്ച് മുറികൾക്ക് പ്രത്യേക നമ്പർ നൽകാൻ ഉടമസ്ഥൻ അപേക്ഷ പോലും നൽകിയിട്ടില്ല. ഈ കെട്ടിടം പൂർണ്ണമായും "സിൽക്കി വെഡ്ഡിംഗ് സെന്റർ" എന്ന വസ്ത്ര വ്യാപാര സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാണ് ഉപയോഗിക്കുന്നത് എന്ന് 26.11.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യമായി.

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് 50 രൂപയാണ് കാളികാവ് ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. 10.08.2018 ന് 800.07 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 30 രൂപ/ച.മീ അടിസ്ഥാന വസ്തുനികുതി നിരക്കായി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | KP 6/513 A മുതൽ KP 6/513 Z2 വരെയുള്ള 26 നമ്പരുകൾ. |
| ~~തറവിസ്തീർണ്ണം (G.F- 362.34 ച.മീ, T.F –~~ 437.73) | 800.07 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (800.07 x 50) | 40004 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 8001 രൂപ |
| ആകെ വസ്തുനികുതി | 48005 രൂപ |
| ബഹുനില കെട്ടിടത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം നിലയ്ക്കുള്ള ഇളവ് (437.73 x 50 =21887 + വർദ്ധനവ് 20% = 26265- x 5% = 1313 | 1313 രൂപ. |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 46692 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 27970 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 18722 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (46692 x 5%) | 2335 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 1407 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 928 രൂപ. |
| ആകെ നഷ്ടം (18722 + 928 ) | 19650 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 19650/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

2). പാർക്കിംഗിന് വേണ്ടി നീക്കി വച്ച സ്ഥലത്ത് അനധികൃത നിർമ്മാണം.

കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ സെല്ലാർ ഭാഗം പാർക്കിംഗിന് വേണ്ടിയുള്ളതാണ്. എന്നാൽ 26.11.2019 ൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ ഭാഗത്ത് 116.79 ച.മീ വിസ്തൃതിയിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. (അധിക നിർമ്മാണത്തിന്റെ വിസ്തൃതി എൽ.എസ്.ജി.ഡി ഓവർസിയർ അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടുണ്ട്). ഈ നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല. ഈ ഭാഗത്തിനുള്ള വസ്തുനികുതിയും നിർണ്ണയിച്ചിട്ടില്ല. കെട്ടിടത്തിന് മതിയായ പാർക്കിംഗ് സൗകര്യം ഉറപ്പ് വരുത്തേണ്ടതും അനധികൃത നിർമ്മാണത്തിന് നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 21/26.11.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-16 ലൈബ്രറി സെസ്സ് അടവാക്കൽ--സർക്കാർ നിർദ്ദേശം പാലിച്ചില്ല.

വൗച്ചർ നം.21800624/30.11.18--520411

സർക്കുലർ നം.10088/എൽ3/05/തസ്വഭവ 20.09.15 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ, ഒരു വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം.ആദ്യ ഗഡു ഏപ്രിൽ 30 ന് അകവും,രണ്ടാം ഗഡു നവംബർ 30 ന് അകവും അടവാക്കണം.ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ ബാധ്യതയായിരിക്കും എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സെസ്സ് അടവാക്കുന്നതിൽ കാലതാമസം ഉണ്ടായതായി കാണുന്നു. താഴെപ്പറയും പ്രകാരം മുൻ വർഷങ്ങളിലേതുൾപ്പടെയുള്ള തുകയാണ് മേൽപ്പറഞ്ഞ വൌച്ചർ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയത്.

| വർഷം | തുക |
|---|---|
| 2016-17 രണ്ടാം അർദ്ധ വർഷം | 115301 |
| 2017-18 രണ്ട് അർദ്ധ വർഷങ്ങളും | 320267 |
| 2018-19 ഒന്നാം അർദ്ധ വർഷം | 44843 |

, ലൈബ്രറി സെസ്സ് അടവാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-17 NREGS-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 3ജീവനക്കാർക്ക് 2018-19 വർഷത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ഹോണറേറിയം നൽകിയിട്ടുണ്ട്.തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ പണം ഇല്ലാത്തതിനാലും,ഫണ്ട് ലഭ്യമാവുന്ന മുറക്ക് തനത് ഫണ്ടിലേക്ക് ക്രമീകരിക്കുമെന്നുമുള്ള ഉറപ്പിലാണ് തുക നൽകിയിട്ടുള്ളത്.വിശദവിവരം താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | തുക | ജീവനക്കാരൻ |
|---|---|---|
| 21800010/03.04.18 | 18500 | റിയാസ് മോൻ .ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 21800091/05.05.18 | 18500 | ---ടി---- |
| 21800174/06.06.18 | 18500 | ---ടി---- |
| 21800271/03.07.18 | 18500 | ---ടി---- |
| 21800334/01.08.18 | 18500 | ---ടി---- |
| 21800363/31.08.18 | 18500 | ---ടി---- |
| 21800479/01.10.18 | 18500 | ---ടി---- |
| 21800549/01.11.18 | 18500 | ---ടി---- |
| 21800645/01.12.18 | 18500 | ---ടി---- |
| 21800747/01.01.19 | 18500 | ---ടി---- |
| 21800817/01.02.19 | 18500 | ---ടി---- |
| 21800903/01.03.19 | 18500 | ---ടി---- |
| 21801250/27.03.19(ELS) | 9250 | ---ടി---- |
| 21800011/03.04.18 | 18500 | സരിത.എം..ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 21800092/05.05.18 | 18500 | ---ടി---- |
| 21800173/06.06.18 | 18500 | ---ടി---- |
| | | |

| | | |
|---|---|---|
| 21800272/03.07.18 | 18500 | ---ടി---- |
| 21800333/01.08.18 | 18500 | ---ടി---- |
| 21800362/31.08.18 | 18500 | ---ടി---- |
| 21800478/01.10.18 | 18500 | ---ടി---- |
| 21800550/01.11.18 | 18500 | ---ടി---- |
| 21800644/01.12.18 | 18500 | ---ടി---- |
| 21800748/01.01.19 | 18500 | ---ടി---- |
| 21800816/01.02.19 | 18500 | ---ടി---- |
| 21800902/01.03.19 | 18500 | ---ടി---- |
| 21801252/27.03.19(ELS) | 9250 | ---ടി---- |
| 21800012/03.04.18 | 20000 | ഇസ്ഹാക്ക്, ഓവർസീയർ |
| 21800093/05.05.18 | 20000 | ---ടി---- |
| 21800175/06.06.18 | 20000 | ---ടി---- |
| 21800270/03.07.18 | 20000 | ---ടി---- |
| 21800331/01.08.18 | 20000 | ---ടി---- |
| 21800365/31.08.18 | 20000 | ---ടി---- |
| 21800476/01.10.18 | 20000 | ---ടി---- |
| 21800547/01.11.18 | 20000 | ---ടി---- |
| 21800642/01.12.18 | 20000 | ---ടി---- |
| 21800745/01.01.19 | 20000 | ---ടി---- |
| 21800818/01.02.19 | 20000 | ---ടി---- |
| 21800905/01.03.19 | 20000 | ---ടി---- |
| 21801250/27.03.19(ELS) | 9250 | ---ടി---- |
| 21800013/03.04.18 | 20000 | ഷറഫലി ഓവർസീയർ |
| 21800094/05.05.18 | 20000 | ---ടി---- |
| 21800176/06.06.18 | 20000 | ---ടി---- |
| 21800269/03.07.18 | 20000 | ---ടി---- |
| 21800332/01.08.18 | 20000 | ---ടി---- |
| 21800364/31.08.18 | 20000 | ---ടി---- |
| 21800477/01.10.18 | 20000 | ---ടി---- |
| 21800548/01.11.18 | 20000 | ---ടി---- |
| 21800643/01.12.18 | 20000 | ---ടി---- |
| 21800746/01.01.19 | 20000 | ---ടി---- |
| 21800819/01.02.19 | 20000 | ---ടി---- |
| 21800904/01.03.19 | 20000 | ---ടി---- |

| | | |
|---|---|---|
| 21801251/27.03.19(ELS) | 9250 | ---ടി---- |
| ആകെ | 961000 | |

ഓഡിറ്റ് എൻക്വയറി നം.3/22.11.2018 ന് മറുപടിയായി 490000 രൂപ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കിയുള്ള 471000 രൂപ കൂടി ക്രമീകരിക്കേണ്ടതാണ്.

# 1-18 കിണർ ശുചിയാക്കൽ-സർക്കാർ നിർദ്ദേശം പാലിച്ചില്ല.

സ.ഉ (സാധാ) നം.3015/2018/തസ്വഭവ തീ.28.11.2018 -പ്രകാരംപ്രളയ ബാധിത പഞ്ചായത്തുകളിലെ കവിഞ്ഞൊഴുകി മലിനമായ കിണറുകൾ വെള്ളം വറ്റിച്ച് ശുചിയാക്കാൻ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം തനത് ഫണ്ട് ഉപയോഗിക്കുന്നതിന് 2018-19 ൽ അനുമതി നൽകിയിട്ടുണ്ട്. ഇങ്ങനെ ചെയ്യുന്ന പ്രവൃത്തികളുടെ നിരക്ക് ചെലവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർമാർ നിശ്ചയിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലുള്ള 111 കിണറുകൾ വൃത്തിയാക്കിയതിന് 172000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| വൌച്ചർ നം./തുക | ശുചിയാക്കിയ കിണറുകളുടെ എണ്ണം |
|---|---|
| 21800681/12.12.18--51000 | 27 |
| 21800725/29.12.18--121000 | 84 |

അസി.എഞ്ചിനീയർ നിരക്ക് നിശ്ചയിക്കുകയോ, മൂല്യനിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല.കിണറുകൾ വൃത്തിയാക്കിയ തൊഴിലാളികൾക്ക് മസ്റ്റർ റോൾ അനുസരിച്ച് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തികൾക്ക് ആരും മേൽനോട്ടം വഹിച്ചിട്ടില്ല. 11.12.18 ന് സെക്ഷൻ ക്ലർക്ക് കാര്യാലയക്കുറിപ്പിൽ രേഖപ്പെടുത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1-ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2-അസി.എഞ്ചിനീയറുടെ എസ്റ്റിമേറ്റ്, വാലേഷൻ എന്നിവ ഇല്ല.

3-ഗുണഭോക്താവിനാണ് തുക കൈമാറേണ്ടത്.ആയതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമല്ല.

എന്നാൽ മേൽപ്പരിശോധന നടത്തിയ സെക്രട്ടറി തുക നൽകുക എന്നാണ് അഭിപ്രായം രേഖപ്പെടുത്തിക്കാണുന്നത്.

സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.5/22.11.2018) ക്ക് പകർച്ചാ വ്യാധികൾ തടയുന്നതിനു വേണ്ടിയാണ് അടിയന്തിരമായി കിണറുകളുടെ ശുചിയാക്കൽ നടത്തിയതെന്നും ബന്ധപ്പെട്ട ഉത്തരവ് വരുന്നതിനു മുമ്പു തന്നെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും മറുപടി നൽകി. പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുമ്പോൾ നിയതമായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-19 പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ബെയിലിംഗ് യൂണിറ്റ് എന്നിവ വാങ്ങൽ

പ്രൊജക്റ്റ് നം.271/19, 323/19

ബിൽ നം.30/18-19/27.03.19-508000

വൌച്ചർ നം.21801004/21.03.19-474943(തനത് ഫണ്ട്)

പ്രൊജക്ട് നം.271/19 പ്രകാരം പദ്ധതിയുടെ അടങ്കൽ ഗ്രാ.പ.വികസനഫണ്ട്-508000,ബ്ലോക്ക് പഞ്ചായത്ത് വിഹിതം-475000 എന്നിവ ഉൾപ്പടെ 983000 രൂപയായിരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ലഭ്യമാകാത്തതിനാൽ 323/19 പ്രൊജക്ട് കൂടി രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഗ്രാമ പഞ്ചായത്ത് വഹിച്ചു. മെഷീനുകൾ വാങ്ങുന്നതിനായി മേൽപ്പറഞ്ഞ പ്രകാരം തുക, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മെഷീനുകൾ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല. സ്ഥാപനവുമായി 28.02.19 ന് ഒപ്പു വച്ച ഉടമ്പടിയിലെ വ്യവസ്ഥ 5 പ്രകാരം സപ്ലൈ ഓർഡർ നൽകിയതിനു ശേഷം 90 ദിവസത്തിനുള്ളിൽ മെഷീനുകൾ സ്ഥാപിക്കുന്നതാണെന്ന കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. 19.03.19 ന് സപ്ലൈ ഓർഡർ നൽകിയെങ്കിലും മെഷീനുകൾ ലഭിച്ചിട്ടില്ല. ഇക്കാര്യം കമ്പനിയെ അറിയിച്ചതായും കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.5/22.11.2018) ക്ക് മെഷീനുകൾ സ്ഥാപിക്കുന്ന കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമേ പൂർത്തിയായിട്ടുള്ളൂ. അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനു മുമ്പ് 982943 രൂപ മെഷീനുകൾ വാങ്ങുന്നതിന് കമ്പനിക്ക് നൽകിയത് പഞ്ചായത്ത് ഫണ്ടിന്റെ ദുരുപയോഗമാണ്. മെഷീനുകൾ ലഭ്യമാക്കി, ആയത് സ്ഥാപിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ അംശദാനം അടവാക്കിയില്ല.

2014 ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഗഡുക്കൾ 2018-19-ൽ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അടിസ്ഥാന ശമ്പളത്തിൽ വന്ന വ്യത്യാസത്തിന്റെ 15% പെൻഷൻ അംശദാനമായി അടവാക്കിയതായി കാണുന്നില്ല. കുടിശ്ശിക കൈപ്പറ്റിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വൌച്ചർ നം./ തീയതി | തുക | റിമാർക്സ് |
|---|---|---|
| 21800138/28.05.18 | 62333 | ശ്രീ.പി. മത്തായി അസി.സെക്രട്ടറിയുടെ ശമ്പള പരിഷ്കരണ കുടിശ്ശിക |
| 21800139/28.05.18 | 55943 | ശ്രീ.പി. മത്തായി അസി.സെക്രട്ടറിയുടെ ശമ്പള പരിഷ്കരണ കുടിശ്ശിക |
| 21800223/28.06.18 | 120639 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക |
| 21800224/28.06.18 | 47090 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക |
| 21800498/10.10.18 | 199154 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക |

മേൽപ്പറഞ്ഞ വൌച്ചറുകൾ പ്രകാരമുള്ള ശമ്പളക്കുടിശ്ശിക അനുവദിച്ചവരുടെ പെൻഷൻ അംശദാനം ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം./25.11.2018) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 വാഹനത്തിന്റെ ഇൻഷുറൻസ് യഥാസമയം അടവാക്കിയില്ല.-ഗ്രാമ പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL10 AC-8926 Bolero Jeep , 27.10.2014 ന് ചോക്കാട് വച്ച് ഒരു മോട്ടോർ സൈക്കിളുമായി കൂട്ടിയിടിക്കുകയും മോട്ടോർ സൈക്കിളിലെ രണ്ട് യാത്രക്കാർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. സംഭവം നടക്കുമ്പോൾ വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കിയിരുന്നില്ല. 11.09.2013 ൽ ഇൻഷുറൻസ് അടച്ചതിന് ശേഷം പിന്നീട് ഇൻഷുറൻസ് അടവാക്കുന്നത് 11.11.2014 ൽ മാത്രമാണ്. അപകടം സംഭവിക്കുന്ന സമയത്ത് വാഹനത്തിന് ഇൻഷുറൻസ് ഇല്ലാത്തതിനാൽ

നഷ്ടപരിഹാരത്തിനായി മോട്ടോർ സൈക്കിൾ യാത്രികരായ ശ്രീ.അബ്ദുൾ ബാഷിദ് തയ്യിൽ, ശ്രീ.ഫൈസൽ പുതിയത്ത് എന്നിവർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, ഡ്രൈവർക്കുമെതിരെ MACT,മഞ്ചേരി യിൽ കേസ് ഫയൽ ചെയ്തു. ശ്രീ.അബ്ദുൾ ബാഷിദ് തയ്യിൽ ഫയൽ ചെയ്ത ഒ.പി.(എം.വി)559/2015-കേസിന്റെ 25.01.18 ലെ വിധി ന്യായത്തിൽ ഒന്നാം പ്രതിയായ ഡ്രൈവറോടും, രണ്ടാം പ്രതിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും തുല്യമായി 638000 രൂപയും 12.06.15 (Application date) മുതൽ തീർപ്പാക്കുന്നതു വരെ 9% പലിശയും അപകടം പറ്റിയാൾക്ക് നൽകാൻ ഉത്തരവായി. ശ്രീ.ഫൈസൽ പുതിയത്ത് ഫയൽ ചെയ്ത ഒ.പി.(എം.വി)747/2015 ന്റെ 17.11.2018 ലെ വിധി ന്യായത്തിൽ നാം പ്രതിയായ ഡ്രൈവറോടും, രണ്ടാം പ്രതിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും തുല്യമായി 614500 രൂപയും 06.08.15 മുതൽ തീർപ്പാക്കുന്നതു വരെ 9% പലിശയും പെറ്റീഷനർക്ക് നൽകാൻ ഉത്തരവായി. കോടതി ഉത്തരവ് പാലിക്കാതിരുന്നതിനെ തുടർന്ന് 03.12.2018 ന് ജീപ്പ് ജപ്തി ചെയ്തു. കോടതി വിധിക്കെതിരെ ബഹു.കേരള ഹൈക്കോടതിയിൽ അപ്പീൽ പോകുന്നതിന് 06.12.2018 ലെ 3(1) ഭരണസമിതി തീരുമാന പ്രകാരം വക്കീലിനെ ഏർപ്പെടുത്തി.

ഒ.പി.(എം.വി)559/2015 സംബന്ധിച്ച ബഹു.കേരള ഹൈക്കോടതിയുടെ 11.02.19 ലെ (MACA No.4124/2018) ഇടക്കാല ഉത്തരവിൽ MACT യുടെ വിധിയിൽ പറയുന്നത് പ്രകാരം 638000 രൂപയുടെയും 9% പലിശയുടെയും 30% പെറ്റീഷനർക്ക് നൽകാൻ വിധിയായി. ഒ.പി.(എം.വി)747/2015സംബന്ധിച്ച ബഹു.കേരള ഹൈക്കോടതിയുടെ 26.02.19 ലെ (MACA No.881/2019) ഇടക്കാല ഉത്തരവിൽ MACT യുടെ വിധിയിൽ പറയുന്നത് പ്രകാരം 614500 രൂപയുടെയും 9% പലിശയുടെയും 50% പെറ്റീഷനർക്ക് നൽകാൻ ഉത്തരവായി. കോടതി ഉത്തരവ് 30 ദിവസത്തിനുള്ളിൽ പാലിക്കണം. ബഹു.കേരള ഹൈക്കോടതിയുടെ 03.04.19 ലെ ഉത്തരവ് പ്രകാരം പഞ്ചായത്ത് വാഹനം റിലീസ് ചെയ്യുന്നതിന് MACT ക്ക് നിർദ്ദേശം നൽകി. 15000 രൂപയിൽ താഴെ മാത്രം വരുന്ന ഇൻഷ്വറൻസ് തുക യഥാസമയം അടവാക്കുന്നതിൽ വന്ന വീഴ്ച കാരണം ഗ്രാമ പഞ്ചായത്തിന് ഭീമമായ സാമ്പത്തിക നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. ഇൻഷ്വറൻസ് അടവാക്കാൻ വൈകിയത് സംബന്ധിച്ച് വാഹന ഡ്രൈവർ രേഖാമൂലം ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല എന്ന വ്യക്തമാവുന്നു.ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ അലംഭാവം കാണിച്ചു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ കേസിൽ ഇപ്പോഴും അന്തിമ വിധി വന്നതിന്റെ വിവരം ഫയലിൽ ഇല്ല. താഴെപ്പറയും പ്രകാരമുള്ള സാമ്പത്തിക ചെലവ് ഇതിനകം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ട്.

| വൌച്ചർ നമ്പർ | തുക | തുക നൽകിയതിന്റെ ഉദ്ദേശം | റിമാർക്സ് |
|---|---|---|---|
| 21800688/15.12.18 | 25118 | MACT,Manjeri-കോടതിച്ചെലവ് | - |
| 21800790/23.01.19 | 25000 | ഹൈക്കോടതി അപ്പീൽ-വക്കീൽ ഫീസ് | - |
| 21800887/27.02.19 | 15000 | ഹൈക്കോടതി അപ്പീൽ-വക്കീൽ ഫീസ് | - |
| 21800925/08.03.19 | 15000 | ഹൈക്കോടതി അപ്പീൽ-വക്കീൽ ഫീസ് | - |
| 21800906/01.03.19 | 245949 | MACT,Manjeri-യിൽ ഹൈക്കോടതി ഉത്തരവു പ്രകാരം കെട്ടി വച്ചു. | 638000+<br>181830 (9%പലിശ)<br>ആകെ-819830<br>30%=245949 |
| 21800987/20.03.19 | 405550 | MACT,Manjeri-യിൽ ഹൈക്കോടതി ഉത്തരവു പ്രകാരം കെട്ടി വച്ചു. | 614500+<br>196599(9%പലിശ)<br>ആകെ-811099 |

| | | | |
|---|---|---|---|
| | | | 50%=405550 |
| 21900329/06.08.19 | 12000 | MACT, Manjeri-വക്കീൽ ഫീസ് | - |
| ആകെ | 743617 | | |

മേൽപ്പറഞ്ഞ ചെലവുകൾക്ക പുറമേ പഞ്ചായത്ത് വാഹനം വിടുതൽ ചെയ്ത് ലഭിക്കുന്നതു വരെ ഗ്രാമ പഞ്ചായത്താവശ്യങ്ങൾക്ക് മറ്റ് വാഹനങ്ങൾ ഓടിയതിനുള്ള വാടക നൽകിയ ഇനത്തിലും ഗ്രാമ പഞ്ചായത്തിന് ചെലവ് വന്നിട്ടുണ്ട്. പെറ്റീഷനർമാർക്ക് അനുവദിക്കപ്പെട്ട നഷ്ട പരിഹാരം ഡ്രൈവറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും തുല്യമായി നൽകണമെന്നായിരുന്ന വിധിയെങ്കിലും ഇടക്കാല ഉത്തരവ് പ്രകാരമുള്ള തുക നൽകിയപ്പോൾ ഗ്രാമ പഞ്ചായത്ത് തന്നെ മുഴുവൻ തുകയും നൽകുകയാണ് ചെയ്തത്. ഇൻഷുറൻസ് അടവാക്കുന്നതിലും, കോടതി ഉത്തരവ് പാലിക്കുന്നതിൽ വന്ന വീഴ്ച കാരണം പിഴ ചുമത്തിയതിനും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും, വാഹനവുമായി ബന്ധപ്പെട്ട 2 കേസുകളുടെയും നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/25.11.2018) ക്ക് ഉദ്യോഗസ്ഥർക്കെതിരെ നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും കേസുകൾ ഇപ്പോഴും തീർപ്പായിട്ടില്ലെന്നും മറുപടി നൽകി. തുടർ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു.

2018-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 9 കോൺക്രീറ്റ് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. എല്ലാ പ്രവർത്തികൾക്കും സാധനഘടകങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചതായി കാണുന്നു. 25.02.2018 ലെ ടെണ്ടർ പരസ്യത്തിൽ സാധനഘടകങ്ങൾ സപ്ലൈ ചെയ്യുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. PWD കോൺട്രാക്ടർമാർ പ്രവൃത്തികൾക്കാവശ്യമുള്ള മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത വിതരണക്കാരല്ല. പ്രവൃത്തികളിൽ ഒരു ഇടനിലക്കാരന്റെ റോൾ മാത്രമാണ് കോൺട്രാക്ടർമാർക്ക് നിർവ്വഹിക്കാനുണ്ടായിരുന്നത് എന്ന് വ്യക്തമാണ്. മറ്റു വിതരണക്കാരിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി സൈറ്റിലെത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി. ടെണ്ടർ അംഗീകരിച്ചതിൽ വന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്

## 1-23 കാർഷിക പ്രവർത്തനങ്ങളിൽ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

ജി.ഒ(എം.എസ്)22/2018 തസ്വഭവ 14.02.18—സബ്സിഡി മാർഗ്ഗരേഖ പ്രകാരം,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാധ്യതകളും പരിഗണിച്ച് കൊണ്ടായിരിക്കണം, കാർഷികമേഖലയുടെ സമഗ്രപരിപാടികൾക്ക് രൂപം നൽകേണ്ടത് എന്നും നടീൽ,കൊയ്ത്ത്,വിളവെടുപ്പ് തുടങ്ങിയവ ഒഴികെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 18-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പ്രൊജക്ടുകളിലൊന്നും,ഈ മാർഗ്ഗനിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണമായി സമഗ്ര നെൽകൃഷി വികസനം,പച്ചക്കറി വികസനം എന്നിങ്ങനെ 2 പ്രോജക്ടുകൾ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയതിൽ, നിലമൊരുക്കുന്നത് ഉൾപ്പടെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് കൂലിച്ചെലവായി,യഥാക്രമം 85,000രൂപ, 42,500 രൂപ(ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ) എന്നിങ്ങനെ ഗ്രാമ പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിരുന്നെങ്കിൽ,കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, കർഷകരുടെ ചെലവ് പരമാവധി

കുറക്കുന്നതിനും സാധിക്കുമായിരുന്നു. ഭാവിയിൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

# 1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -ക്ഷീര വികസന വകുപ്പിന്റെ വിഹിതം ചേർത്തു ആനുകൂല്യം നൽകി

പ്രൊജക്ട് നം.256/19

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

ചെക്ക് നം.1531613/26.02.19—4,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെക്ക് നം 2032390/26.02.19—2,00,000( ഗ്രാമ പഞ്ചായത്ത് വിഹിതം)

ആകെ -6,00,000

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

കാളികാവ് ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ,ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സംഘങ്ങൾ മുഖേന സാക്ഷ്യപ്പെടുത്തി നൽകുന്ന പാലളവ് സ്റ്റേറ്റുമെന്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് നാലുരൂപ നിരക്കിൽ സബ്സിഡി നൽകുന്നതാണ് പദ്ധതി .

ജി.ഒ.(എം.എസ് )22/2018 തസ്വഭവ./14.02.2018-13-ാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ കണക്കാക്കി കർഷകന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകണം. ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെയാണിത്. അതായത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലിറ്ററിന് 3 രൂപ പ്രകാരമാണ് അനുവദിക്കേണ്ടത്. എന്നാൽ ഇതിനു വിരുദ്ധമായി മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം കർഷകർക്ക് അധികം സബ്സിഡി നൽകിയതായി കാണുന്നു. 4/18 മുതൽ 8/18 വരെ കാലയളവിലാണ് ക്ഷീരവികസന വകുപ്പിന്റെ വിഹിതം ലഭ്യമാക്കാതെ ലിറ്ററിന് നാല് രൂപ പ്രകാരം തുക അനുവദിച്ചിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | ആകെ അളന്ന പാൽ( 4/18 മുതൽ 8/18 വരെ) | നൽകിയ സബ്സിഡി | ക്രമപ്രകാരം നൽകാവുന്ന സബ്സിഡി (ലിറ്ററിന് 3 രൂപ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|
| അടയ്ക്കാകുണ്ട് കെ എസ് എസ് | 23,624 ലിറ്റർ | 94,496രൂപ | 70872 രൂപ | 23,624 രൂപ |
| ചേരിപ്പലം കെ എസ് എസ് | 12,813 ലിറ്റർ | 51,252 രൂപ | 38439 രൂപ | 12,813 രൂപ |
| അഞ്ചച്ചവിടി കെ എസ് എസ് | 78,147 ലിറ്റർ | 3,12,588രൂപ | 2,34,441 രൂപ | 78,147 രൂപ |
| ആമപ്പൊയിൽ കെ എസ് എസ് | 1,500ലിറ്റർ | 6,000രൂപ | 4,500 രൂപ | 1,500 രൂപ |

| | | | | |
|---|---|---|---|---|
| തച്ചങ്ങോട് കെ എസ് എസ് | 7,991 ലിറ്റർ | 31,964 | 23,973 രൂപ | 7,991 രൂപ |
| | | ആകെ | | 124075 |

കൂടാതെ, താഴെ പറയുന്ന വ്യക്തികൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

| ആനുകൂല്യം നൽകിയ വ്യക്തികളുടെ പേര് | ആകെ അളന്ന പാൽ( 4/18 മുതൽ 8/18 വരെ) | നൽകിയ സബ്സിഡി | ക്രമപ്രകാരം നൽകാവുന്ന സബ്സിഡി (ലിറ്ററിന് 3 രൂപ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|
| അബ്ദുൾകരിം | 660 ലിറ്റർ | 2640രൂപ | 1980 രൂപ | 660 രൂപ |
| ഇബ്രാഹിം കെ | 771 ലിറ്റർ | 3084 രൂപ | 2313 രൂപ | 771രൂപ |
| ഉമേഷ് | 103 | 412 രൂപ | 309 രൂപ | 103 രൂപ |
| അനൂപ് | 431 | 1724 രൂപ | 1293 രൂപ | 431 രൂപ |
| അറമുഖൻ | 523 | 2094 രൂപ | 1569 രൂപ | 525 രൂപ |
| രാമൻ പി | 345 | 1380 രൂപ | 1035 രൂപ | 345 രൂപ |
| കുറുമ്പ എം | 228 | 912 രൂപ | 684 രൂപ | 228 രൂപ |
| റംലത്ത് | 499 | 1996 രൂപ | 1497 രൂപ | 469 രൂപ |
| അബ്ദുൾ റസാഖ് | 2411 | 9644 രൂപ | 7233 രൂപ | 2411 രൂപ |
| മുഹമ്മദ് പി | 664 | 2656 രൂപ | 1992രൂപ | 664 രൂപ |
| മൊയ്ദീൻ | 664 | 2656 രൂപ | 1992 രൂപ | 664 രൂപ |
| | | ആകെ | 21897 | 7271രൂപ |
| | | ഒട്ടാകെ | | 131346 (124074+7271) |

മേൽ വ്യക്തികൾ ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരും ക്ഷീരസഹകരണ സംഘങ്ങളിൽ പാലളവ് നടത്തുന്നവരുമാണോയെന്ന് വ്യക്തമല്ല.ആയത് ലഭ്യമാക്കേണ്ടതാണ്. ക്ഷീരവികസന വകുപ്പിന്റെ വിഹിതം ലഭ്യമാക്കാതെ സബ്സിഡി അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

സബ്സിഡി അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.12/25.11.19 )മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയ്ക്കായി ചെലവഴിച്ച 153273(124075+29198) രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-25 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - അപാകതകൾ

പ്രൊജക്ട് നമ്പർ - 110/2018

വിനിയോഗിച്ച തുക – 3,53,186 രൂപ(പ്ലാൻ )

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (അലോപ്പതി )

ബിൽ നം. 1/18-19 തി. 08.06.2018 – 48,476 രൂപ

ബിൽ നം. 3/18-19 തി. 20.07.2018 – 34,392 രൂപ

ബിൽ നം. 7/18-19 തി. 22.10.2018 – 34,984 രൂപ

ബിൽ നം. 4/18-19 തി. 18.08.2018 – 34,964 രൂപ

ബിൽ നം. 5/18-19 തി. 18.08.2018 – 31,985 രൂപ

ബിൽ നം. 9/18-19 തി. 23.11.2018 – 36,634 രൂപ

ബിൽ നം. 12/18-19 തി. 18.12.2018 – 35,544 രൂപ

ബിൽ നം. 14/18-19 തി. 22.01.2019 – 33,735 രൂപ

ബിൽ നം. 15/18-19 തി. 22.01.2019 – 31,237 രൂപ

ബിൽ നം. 16/18-19 തി. 16.03.2019 – 31,235 രൂപ

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ക്വട്ടേഷൻ വിളിച്ചതിലെ അപാകതകൾ

പരിരക്ഷാ പദ്ധതിക്കായി ദിവസ വാടക്ക് വാഹനം ലഭ്യമാക്കുന്നതിന് ക്ഷണിച്ച 30.03.2018 തീയ്യതിയിലെ നം.130/18ക്വട്ടേഷൻ പ്രകാരം കുറഞ്ഞ നിരക്ക് (999 രൂപ)ക്വാട്ട് ചെയ്ത ഹരിശ്ചന്ദ്രൻ,തണ്ടുകോട് എന്നയാളുടെ ക്വട്ടേഷൻ സ്വീകരിച്ചു. എന്നാൽ ഗ്രാമപഞ്ചായത്തിലെ പർച്ചേസിങ് കമ്മറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് അറിയാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവർത്തിച്ചിട്ടുള്ളത്.എന്ന് വ്യക്തമായി.പ്രസ്തുത ക്വട്ടേഷന് പർച്ചേസിങ് കമ്മറ്റിയുടെ അനുവാദമില്ല.

2)തെരഞ്ഞെടുത്ത വ്യക്തിയുമായി പ്രതിദിനം സഞ്ചരിക്കേണ്ട ദൂരത്തിനനുസരിച്ച് നിരക്ക് നിശ്ചയിച്ചു കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമച്ചിട്ടില്ല.കൂടാതെ,വാഹനം വാടകക്ക് വിളിയ്ക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള ക്വട്ടേഷൻ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. എല്ലാ യാത്രകൾക്കും 999 രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത് .ട്രിപ്പ് ഷീറ്റ് പരിശോധിച്ചതിൽ 35കി.മി.യിലധികം യാത്രചെയ്തിട്ടുള്ളത് വളരെ കുറവ് സന്ദർഭങ്ങളിൽ മാത്രമാണ്.പുതുക്കിയ 2015 ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 3217/2015 തസ്വഭവ തി. 29.10.2015) പ്രകാരം 35-44 കിലോമീറ്റർ വാഹനം സഞ്ചരിക്കുന്ന അവസ്ഥയിൽ മാത്രമാണ് 1000 രൂപക്ക് അർഹതയുള്ളത്. യാത്രാ ചെലവുകൾക്കായി ഹാജരാക്കിയ ഒരു ട്രിപ്പ് ഷീറ്റിലും എവിടെയെല്ലാം സഞ്ചരിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടില്ല.

3)ഹോം കെയർ ടീമിന്റെ വിവരം,പദ്ധതിയിൽ ഉൾപ്പെട്ട രോഗികളുടെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4)പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി നിർണ്ണായക പങ്കുവഹിക്കുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയോഗത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ 2018-19വർഷത്തിൽ രണ്ടുതവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളത് .പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും കാര്യക്ഷമമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

5)മേൽ ഉത്തരവ് പ്രകാരം ആഴ്ചയിൽ നാലിൽ കുറയാത്ത ദിവസങ്ങളിൽ Home care visit നടത്തേണ്ടതാണ്.മാസത്തിൽ 16ഉം ആയത് പ്രകാരം ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 192 ദിവസങ്ങളിലെങ്കിലും സന്ദർശനം നടത്തേണ്ടതായിരുന്നു.എന്നാൽ രേഖകൾ പരിശോധിച്ചതിൽ ആകെ

157സന്ദർശനമാണ് നടത്തിയിട്ടുള്ളത്.പലമാസങ്ങളിലും 16 ൽ കുറവ് സന്ദർശനം നടത്തിയതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ആരോഗ്യവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തുന്ന വർക്കിംഗ് ഗ്രൂപ്പ് പാലിയേറ്റീവ് കെയർ പ്രൊജക്ടുകളുടേയും മോണിറ്ററിംഗ് നടത്തണം. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് നടന്നിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ – വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കൂടാതെ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ യോഗതീരുമാനങ്ങളിൽ ഇപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും കണ്ടില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം. 22/26.11.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയ്ക്കായി ചെലവഴിച്ച 3,53,186 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 മുഴുവൻ മരുന്നുകളുംലഭ്യമായില്ല

2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ,തിരുവനന്തപുരത്തിന് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ ചെക്ക് നമ്പർ/ തിയ്യതി | വിനിയോഗിച്ച തുക |
|---|---|---|---|
| 1 | 259/19 ഗവ. അലോപ്പതി ആശുപത്രിയിലേക്ക് മരുന്നു വാങ്ങൾ | 11/18-19/18.12.18 | 1,50,000(മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം ) |
| 2 | 240/19 ,വൃദ്ധർക്ക് മരുന്ന് വാങ്ങൽ | 8/18-19/ 23.11.2018 | 4,00,000 (പ്ലാൻ) |
| | ആകെ | | 5,50,000 |

മേൽ ക്രമനം. (1) പ്രകാരമുള്ള 26,821 രൂപയുടെയും,ക്രമനം. (2) പ്രകാരമുള്ള 61,068 രൂപയുടെയും മരുന്നുകൾ കൂടി ലഭ്യമായതിന്റെ സ്റ്റോക്ക് ഇഷ്യൂ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അപാകത പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/25.11.2019) വിവരം ലഭ്യമാക്കുന്നതാണെന്നറിയിച്ചു.

## 1-27 പുളിയംകല്ല് വാരിക്കൽ SC കോളനി കിണർ നിർമാണം എന്ന പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

പ്രവൃത്തി: പുളിയംകല്ല് വാരിക്കൽ SC കോളനി കിണർ നിർമാണം 319/19
(ബഹു വർഷ പ്രൊജക്ട്)

അടങ്കൽ: 490000 രൂപ (18-19 Rs 284000(വി.ഫ), 19-20, 206000 (ത ഫ)

കരാറുകാരൻ: ശ്രീ അക്ബർ എം കെ

കരാർ: 92/18-19/6-12-18

അളവ് പുസ്തകം: 92/18-19

ചെലവ്: 461101 രൂപ (

മൂല്യനിർണ്ണയം: 488341

18-19 allocation: 284000 ( ബിൽ 122/18-19/27-3-19)

(-) നികുതി4%: 19532

കരാറുകാരന്: 264468 രൂപ.

ഏകദേശം 6.00 മീറ്റർ വ്യാസം, 5.50 മീറ്റർ താഴ്ചയിൽ കിണർ കുഴിച്ച് റിംഗ് വാർത്ത് വാരിക്കൽ SC കോളനി നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ളതാണ് ഈ പദ്ധതി. 23-11-2019 ന് ഓവർസീയറുടെ സാന്ന്യദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) കോളനിയിൽ നിന്ന് ഏകദേശം 700 മീറ്ററിലധികം ദൂരെയാണ് കിണർ കുഴിച്ചിട്ടുള്ളത്. മാത്രമല്ല കിണറിനടുത്തേക്ക് വഴിസൗകര്യവുമില്ല. സ്വകാര്യവ്യക്തികളുടെ സ്ഥലത്തുകൂടി മാത്രമേ കിണറിനടുത്തേക്ക് എത്താൻ കഴിയുകയുള്ളൂ. ഇത്രയും ദൂരെനിന്ന് വെള്ളം കോരിയെടുത്ത് കോളനിയിലേക്കെത്തിക്കുകയെന്നുള്ളത് ശ്രമകരമായ കാര്യമാണ്. ഇത്രയും ദൂരെ കിണർ കുഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2) ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് കിണർ കുഴിച്ചിട്ടുള്ളത്. ഈ പദ്ധതി സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തതിന്റേയോ ഏറ്റെടുക്കാൻ സ്വീകരിച്ച നടപടിയുടേയോ വിവരം ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/26-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് സ്ഥലലഭ്യതക്കനുസരിച്ചാണ് കിണർ കുഴിച്ചതെന്നും പദ്ധതിപ്രദേശത്തേക്ക് നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട പൊതുവഴി ഉള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ക്രമനംപർ (2) അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമനംപർ (2) അപാകത പരിഹരിക്കേണ്ടതും മേൽ പദ്ധതി കോളനി നിവാസികൾക്ക് ഉപകാരപ്രദമാക്കാനുള്ള തുടർനടപടി സ്വീകരിക്കുകയും ചെയ്ത് അക്കാര്യം അറിയിക്കേണ്ടതാണ്.

# 1-28 പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2012,201-1 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും

ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണ്.

1) കാളികാവ് മൃഗാശുപത്രി പുനരുദ്ധാരണം 222/18,297/19.

അടങ്കൽ: 300000 രൂപ

കരാറുകാരൻ: ശ്രീ അക്ബർ മാഞ്ചേരി

കരാർ: 98/17-18/5.12.17 (ER)

കരാർ തുക: 292304 രൂപ

അളവ് പുസ്തകം: 98/17-18/5-12-17

പ്രവൃത്തിസ്ഥലം കൈമാറിയത്: 5-12-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 4-6-18

പൂർത്തീകരിച്ചതീയതി: 15-1-19 (അളവ് പുസ്തകം 98/17-18 പേജ് 14)

ചെലവ്: 292280രൂപ (ബിൽ 107/17-18/24-3-18, 211020 രൂപ. 123/18-19/23-3-19, 81260 രൂപ )

മൂല്യനിർണ്ണയം: 292280

(-) part bill 211020

ബാക്കി 81260

(-) നികുതികൾ2%: 1625

പിഴ 2923

കരാറുകാരന്: 76712

ഈടാക്കേണ്ട പിഴ:

ആദ്യ തവണ PAC യുടെ 1% : 2923.04 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 5-6-18 to 20-7-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 5846.08 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 21-7-18 to 3-9-18)

ആകെ 8769 രൂപ.

ഈടാക്കിയത് 2923 രൂപ

ബാക്കി അടക്കേണ്ടത് 5846 രൂപ

2) പോലീസ് സ്റ്റേഷൻതൃക്കേക്കൈ റോഡ് റീ- ടാറിംഗ് 123/18, 279/19.

അടങ്കൽ: 300000 രൂപ

കരാറുകാരൻ: ശ്രീ അക്ബർ മാഞ്ചേരി

കരാർ: 99/17-18/5-12.17 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 298640 രൂപ

അളവ് പുസ്തകം: 99/17-18,

പ്രവൃത്തിസ്ഥലം കൈമാറിയത്: 5-12-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 4-6-18

പൂർത്തീകരിച്ചതീയതി: 3-12-18 (അളവ് പുസ്തകം പേജ് 18)

ചെലവ്: 298640രൂപ (ബിൽ 60/17-18/21-12-18, 204787 രൂപ. 114/18-19/19-3-19, 94553 രൂപ )

മൂല്യനിർണ്ണയം: 298640

(-) part bill 204087

ബാക്കി 94553

(-) നികുതികൾ2%: 1890

കരാറുകാരന്: 92663

ഈടാക്കേണ്ട പിഴ:

ആദ്യ തവണ PAC യുടെ 1% : 2986.40 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 5-6-18 to 20-7-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 5972.80 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 21-7-18 to 3-9-18)

ആകെ 8959 രൂപ.

3)സ്വലാത്ത്നഗർ ആപ്പക്കണ്ടം റോഡ് ടാറിംഗ് 161/18, 281/19.

അടങ്കൽ: 200000 രൂപ

കരാറുകാരൻ: ശ്രീ രാജേഷ് കുമാർ

കരാർ: 74/17-18/11-9.17 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 199880 രൂപ

അളവ് പുസ്തകം: 74/17-18,

പ്രവൃത്തിസ്ഥലം കൈമാറിയത്: 11-9-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 10-3-18

പൂർത്തീകരിച്ചതീയതി: 8-8-18 (അളവ് പുസ്തകം പേജ് 15)

ചെലവ്: 194995രൂപ (ബിൽ 116/17-18/31-3-18, 130944 രൂപ. 72/18-19/19-3-19, 94553 രൂപ )

മൂല്യനിർണ്ണയം: 194995

(-) part bill 130944

ബാക്കി 64051

(-) നികുതികൾ2%: 1282

കരാറുകാരന്: 62769

ഈടാക്കേണ്ട പിഴ:

ആദ്യ തവണ PAC യുടെ 1% : 1998.90 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 11-3-18 to 24-4-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 3997.60 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 25-4-18 to 8-6-18)

ആകെ 5996 രൂപ.

ഇക്കാര്യമുന്നയിച്ച് നൽകിയ 18/26-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ക്രമ നംപർ 4 ന് മറുപടി ലഭ്യമാക്കുകയും ആയത് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്). ആയതിനാൽ ആകെ നഷ്ടം 20801 രൂപ (5846+8959+5996) ഉത്തരവാദിയിൽ നിന്നീടാക്കേണ്ടതാണ്.

## 1-29 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1) പൂങ്ങോട് ആയുർവേദ ആശുപത്രി കെട്ടിട നിർമാണം 222/18,297/19.

അടങ്കൽ: 1000000 രൂപ (തനത് ഫണ്ട്)

കൺവീനർ: ശ്രീമതി സൗമ്യ എം കെ

കരാർ: 42/17-18/8.9.17

അളവ് പുസ്തകം: 42/17-18

ചെലവ്: 1000000രൂപ (ചെക്ക് നംപർ 2032320/29-12-17)

മൂല്യനിർണ്ണയം: 1000000

(-) IT @ 1% 10000

(-)WF @ 1% 10000

കൺവീനർക്ക് 980000

ക്രമപ്രകാരം ബില്ലിൽ നിന്നും 5% കുറവ് ചെയ്യാതിരുന്നതു മൂലം 50000/- രൂപയും ആദായനികുതി 2% കുറവ് ചെയ്യേണ്ടതിന് പകരം 1% കുറവ് ചെയ്തത് വഴി 10000 രൂപയും (ആകെ 60000 രൂപ) ഗുണഭോക്തൃ സമിതിക്ക് അധികം നൽകാനിടയായിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/17.09.18) ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച മാർഗനിർദ്ദേശം ലഭിച്ചത് 16-3-18 നാണെന്നും മേൽ പ്രവൃത്തിയുടെ ബിൽ സമർപ്പിച്ചത് 29-12-17 നാണെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഈ മറുപടി സ്വീകാര്യമല്ല. ആയതിനാൽ 60000 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അതാത് ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

# 1-30 സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ഓഡിറ്റിന്റെ ഭാഗമായി 23-11-2019 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

1) മതിലിന് എസ്റ്റിമേറ്റ് പ്രകാരമുള്ള വീതി ഇല്ല.

| ക്രമം | പ്രവൃത്തി | മതിൽ നിർമാണം (.23 മീറ്റർ വീതി) | പ്ളാസ്റ്ററിംഗ് (15 mm കനം) (inside) | പ്ളാസ്റ്ററിംഗ് (12 mm കനം) (inside/both side) | അളവ് പുസ്തകപ്രകാരം രേഖപ്പെടുത്തിയ പ്ളാസ്റ്ററിംഗ് ഉൾപ്പെടെയുള്ള വീതി | സ്ഥല പരിശോധനയിൽ കണ്ടെത്തിയ വീതി |
|---|---|---|---|---|---|---|
| 1 | പൊതുശ്മശാനം നവീകരണം 305/19. 495000 രൂപ. അളവ് പുസ്തകം. 107/17-18 ചെലവ്: 492997 | 13.97m3*6828.11 =95388 | 84.53*287.74 =24322.66 | 69.83*248.22 =17333.20 | 230mm+15mm +12mm =25.70 cm | 23.00 മുതൽ 23.50 വരെ |
| 2 | പൊതുശ്മശാനം സംരക്ഷണം 231/19. 495000 രൂപ. അളവ് പുസ്തകം. 31/18-19 ചെലവ്: 371011 | 32.82m3*6828.11 =224098.57 | ------ | 305.33*248.22 =75789.01 | 230mm+12mm +12mm = 25.40cm | 23.00 മുതൽ 23.50 വരെ |
| 3 | പള്ളിശ്ശേരി | 8.88m3*6382.80 | 44.02*268.98 | 62.30*232.03 | 230mm+15mm | 23.00 മുതൽ |

| | | | | | | |
|---|---|---|---|---|---|---|
| | GLPS റിപ്പയർ 189/19. 200000 രൂപ.<br>അളവ് പുസ്തകം. 4/17-18<br>ചെലവ്: 189945 | =56679.20 | =11840.50 | =14455.47 | +12mm =25.70 cm | 24.00 വരെ |

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ചെയ്യാതെ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

2) മേൽക്കൂര മേയാൻ ഉപയോഗിച്ച ഷീറ്റിന് എസ്റ്റിമേറ്റ് പ്രകാരമുള്ള കനം ഇല്ല.

പ്രവൃത്തി: കാളികാവ് മൃഗാശുപത്രി പുനരുദ്ധാരണം 222/18,297/19.

അടങ്കൽ: 300000 രൂപ

കരാറുകാരൻ: ശ്രീ അക്ബർ മാഞ്ചേരി

കരാർ: 98/17-18/5.12.17 (ER)

കരാർ തുക: 292304 രൂപ

അളവ് പുസ്തകം: 98/17-18/5-12-17

ചെലവ്: 292280രൂപ (ബിൽ 107/17-18/24-3-18, 211020 രൂപ. 123/18-19/23-3-19, 81260 രൂപ )

മൂല്യനിർണ്ണയം: 292280

(-) part bill 211020

ബാക്കി 81260

(-) നികുതികൾ2%: 1625

പിഴ 2923

കരാറുകാരന്: 76712

ഇനം (2) പ്രകാരം 63.00 m2 വിസ്തീർണ്ണത്തിൽ 0.35mm G I colour powder coated traffored sheet മേഞ്ഞതിന് 708.38/m2 നിരക്കിൽ 44627.94 രൂപ നൽകിയിട്ടുണ്ട്. എന്നാൽ, 23-11-2019 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.30 mm കനമുള്ള sheet ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി. GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2211.2 പ്രകാരം അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ എന്നും ഗുണനിലവാരം കുറഞ്ഞ രേഖപ്പെടുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും, എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത, ഗുണനിലവാരം കുറഞ്ഞ പ്രവൃത്തിക്ക് തുക നൽകിയത് ക്രമപ്രകാരമല്ല. ഗുണലിലവാരം കുറഞ്ഞ ഷീറ്റ് ഒഴിവാക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടത്തി അക്കാര്യം അറിയിക്കേണ്ടതാണ്

## 1-31 തപാലുകൾ കൈകാര്യം ചെയ്യുന്നതിലെ വീഴ്ചകൾ

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന തപാലുകൾ കൈകാര്യം ചെയ്യുന്നതിലും തീർപ്പാക്കുന്നതിലും ഗുരുതരമായ

അപാകതകൾ കാണുന്നു. ഗ്രാമപഞ്ചായത്തിൽ 4 ക്ളാർക്ക് തസ്തികയും 3 സീനിയർ ക്ളാർക്ക് തസ്തികയുമാണുള്ളത്.(A1 മുതൽ A3 വരെ,B1 മുതൽ B4 വരെ). 2018-19 ൽ ഇവയിൽ 3 സെക്ഷനുകൾ മാത്രമാണ് തൻപതിവേട് സൂക്ഷിച്ചിട്ടുള്ളത്. തപാലുകളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ മുഴുവൻ തപാലുകളും അതാത് സെക്ഷനുകൾ കൈപ്പറ്റിയതായി കാണുന്നില്ല. മാത്രമല്ല, മുഴുവൻ തപാലുകളും അതാത് സെക്ഷനുകൾ കൈപ്പറ്റാതിരുന്നിട്ടും "തപാലുകളും അപേക്ഷകളും പൂർണ്ണമായും വിതരണം ചെയ്തതായി സാക്ഷ്യപ്പെടുത്തുന്നു" എന്ന് ജൂനിയർ സൂപ്രണ്ട് അതാത് ദിവസം തെറ്റായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

അപാകതക്ക് ഒരു ഉദാഹരണം.

KSAMPM6/638/2019/dt 6-5-19 നംപർ പ്രകാരം ഗ്രാമപഞ്ചായത്തിലേക്ക് ഒരു പരാതി സംബന്ധിച്ച നിജസ്ഥിതി അറിയിക്കുന്നതിനായി ഒരു കത്തയക്കുകയും 24-5-2019 ന് ക്രമ നംപർ 5, കറന്റ് നംപർ 2291 ആയി വിതരണ രജിസ്റ്ററിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ,ഈ തപാൽ സെക്ഷൻ ക്ളാർക്ക് (A2) സ്വീകരിച്ചതായി കാണുന്നില്ല. എന്നാൽ, "തപാലുകളും അപേക്ഷകളും പൂർണ്ണമായും വിതരണം ചെയ്തതായി സാക്ഷ്യപ്പെടുത്തുന്നു" എന്ന് ഈ മാസവും ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. മാത്രമല്ല ഈ കത്തിന് മറുപടിയും ലഭ്യമാക്കിയിട്ടില്ല. ഈ കത്തിന് മറുപടി ലഭ്യമാക്കാത്തതിനാൽ 1-11-2019 ൽ KSAMPM6/638/2019/dt 18-10-2019 നംപറിൽ ഒരു ഓർമക്കുറിപ്പ് അയച്ചിരുന്നുവെങ്കിലും ആയത് വിതരണ രജിസ്റ്ററിൽ ചേർക്കുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും 6-11-2019 ലെ എ2-2291/19പ്രകാരം ഒരു മറുപടി അയച്ചിട്ടുണ്ട്.

ലഭ്യമായ എല്ലാ തപാലുകളും വിതരണ രജിസ്റ്ററിൽ ചേർക്കുന്നുണ്ടെന്നും ചേർത്തവയെല്ലാം യഥാസമയം അതാത് സെക്ഷനുകൾ കൈപ്പറ്റുന്നുണ്ടെന്നും ഉറപ്പു വരുത്താത്തതും ഉറപ്പു വരുത്താതെ അപ്രകാരം ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതും ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. 24-5-2019 ലെ മേൽ തപാൽ സെക്ഷന് വിതരണം ചെയ്യാത്ത ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുണ്ടായിരുന്ന ടി ദിവസത്തെ ക്ളാർക്കിൽ നിന്നും, "തപാലുകളും അപേക്ഷകളും പൂർണ്ണമായും വിതരണം ചെയ്തതായി സാക്ഷ്യപ്പെടുത്തുന്നു" എന്ന് തൻ മാസം തെറ്റായി സാക്ഷ്യപ്പെടുത്തിയ ജൂനിയർ സൂപ്രണ്ടിൽ നിന്നും ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-32 ഫിറ്റ്നസ് ഇല്ലാതെയും മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയും അപകടകരമായ അവസ്ഥയിൽ അംഗനവാടികൾ പ്രവർത്തിയ്ക്കുന്നു.

കാളികാവ് ഗ്രാമപഞ്ചായത്തിൽ 32 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്.പ്രസ്തുത അംഗനവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച അന്വേഷണത്തിൽ താഴെ പറയുന്ന ആറ് അംഗനവാടികൾ കെട്ടിടങ്ങളുടെ സുരക്ഷസംബന്ധിച്ച് 'ഫിറ്റ്നസ് സർട്ടിഫിക്കറ്റ് 'ലഭ്യമാക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തി

1)നം.94 പൂങ്ങോട് അംഗനവാടി

2)നം.83 പള്ളിശ്ശേരി അംഗനവാടി

3)നം.95 ചിറ്റയിൽ(പൂളക്കുന്ന് )അംഗനവാടി

4)നം.87 കല്ലൻകുന്ന് അംഗനവാടി

5)നം.89 തണ്ട് കോട് അംഗനവാടി

6)നം.103 ചേരിപ്പലം അംഗനവാടി

മേൽ അംഗനവാടികളിൽ 27.11.2019 ന് അംഗവാടികളുടെ ചുമതലയുള്ള ഐ സി ഡി എസ് സൂപ്പർവൈസർക്കൊപ്പം സ്ഥലപരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)നം.94 പൂങ്ങോട് അംഗനവാടി

ഓടിട്ട കെട്ടിടത്തിൽ മരത്തിന്റെ പട്ടികകൾ മാറ്റി 8 mm കമ്പി പട്ടികയാക്കി ഓടുമേഞ്ഞിട്ടുണ്ടായിരുന്നെങ്കിലും കെട്ടിടത്തിലെ ദ്രവിച്ച കഴുക്കോലുകൾക്ക് ആയതിനെ താങ്ങിനിർത്താനുള്ള ശേഷിയില്ലായിരുന്നു. അപകടകരമാംവിധം മരത്തിന്റെ കഴുക്കോലുകൾ ദ്രവിച്ച് തൂങ്ങിയ അവസ്ഥയിലായിരുന്നതിനാൽ ഈ അവസ്ഥയിൽ അംഗനവാടി പ്രവർത്തിക്കണ്ട എന്ന് നിർദ്ദേശം നൽകിയതായി ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചു.തൻമൂലം ഇന്നേ ദിവസം അംഗനവാടി പ്രവർത്തിച്ചിരുന്നില്ല.കെട്ടിടത്തിൽ മഴപെയ്താൽ ചോർന്ന് ഒലിയ്ക്കുന്നുണ്ടെന്നതും നേരിട്ടറിയാൻ കഴിഞ്ഞു.മറ്റൊരു വാടക കെട്ടിടത്തിൽ അംഗനവാടി പ്രവർത്തിച്ചു തുടങ്ങുമെന്ന് അറിയിച്ചു.

2)നം.83 പള്ളിശ്ശേരി അംഗനവാടി

കെട്ടിടത്തിന്റെ മേൽക്കൂരയിൽ മരം മാറ്റി അലുമിനിയം പട്ടികയും കഴുക്കോലുമാക്കി ഓടുമേഞ്ഞിട്ടുണ്ട്. എങ്കിലും ഓട് പൊട്ടി കെട്ടിടത്തിൽ ചോർച്ചയുള്ളത് ജീവനക്കാർ ശ്രദ്ധയിൽപെടുത്തി.മേൽക്കൂരമാറ്റാനായി ഒഴിവാക്കിയ മരഉരുപ്പടികൾ കെട്ടിടത്തിനോട് ചേർന്ന് പിറകുവശത്തായി കൂട്ടിയിട്ടിരിക്കുന്നത് മറ്റൊരു അപകടം ക്ഷണിച്ചു വരുത്തിയിട്ടുണ്ട്.നിലവിൽ പാമ്പിന്റെ ശല്യം ഉണ്ടായതായി അറിയിച്ചു.ആയതിൽ അതിശയോക്തിയില്ലെന്ന് നേരിൽ കണ്ടതിൽ ബോധ്യപ്പെട്ടു.മേൽക്കൂരയിൽ നിന്നും മാറ്റിയ പഴയ ഓടുകളും കോമ്പൗണ്ടിനകത്തു നിന്നും പൂർണ്ണമായി നീക്കംചെയ്തിട്ടില്ല.ഇതും പാമ്പിന്റെ ശല്യം വിളിച്ചു വരുത്തുന്നതാണ്.സ്വന്തമായി കിണർ ഉണ്ടെങ്കിലും മഴപെയ്ത് തൊട്ടടുത്ത കോഴിഫാമിൽ നിന്നും വെള്ളമൊഴുകി ജലം മലിനമായതിനാൽ കിണർ ജലം ഉപയോഗിയ്ക്കുന്നില്ലെന്നും തൊട്ടടുത്ത ആൾതാമസമില്ലാത്ത വീട്ടിലെ കിണർവെള്ളം ഉപയോഗിച്ചാണ് നിലവിൽ അംഗനവാടി പ്രവർത്തിച്ചു വരുന്നതെന്നും ജീവനക്കാർ അറിയിച്ചു.കെട്ടിടത്തിന് ചുറ്റുമതിൽ ഉണ്ടെങ്കിലും ആയതും കാലപഴക്കംമൂലം വിള്ളൽ വീണ് അവിടവിടെയായി പോട്ടി പൊളിഞ്ഞിട്ടുണ്ട് .പലയിടത്തും മാളങ്ങൾ ഉള്ളതും ജീവനക്കാർ ശ്രദ്ധയിൽപെടുത്തി.മഴപെയ്താൽ മുകളിൽ നിന്നും വരുന്ന വെള്ളം അംഗനവാടി കോമ്പൗണ്ടിൽ കെട്ടികിടക്കുന്ന അവസ്ഥയുമുണ്ട്.നിലവിൽ 13 കുട്ടികളാണ് ഇവിടെയുള്ളത്.

3)നം.95 ചിറ്റയിൽ(പൂളക്കുന്ന് )അംഗനവാടി

നിലവിൽ 20 കുട്ടികളാണ് ഇവിടെയുള്ളത്.മേൽ കൂരയിൽ പലയിടത്തായി നിരവധി ഓടുകൾ പൊട്ടിയ നിലയിലാണ് . മഴപെയ്താൽ നല്ല ചോർച്ചയുണ്ടെന്ന് ജീവനക്കാർ അറിയിച്ചു.കിട്ടാവുന്ന സാധനങ്ങൾ എല്ലാം ഉപയോഗിച്ച് ചോർച്ചയടച്ചാണ് നിലവിൽ അംഗനവാടി പ്രവർത്തിപ്പിയ്ക്കുന്നത്.കെട്ടിടത്തിലെ ജനലും,തൊട്ടടുത്തുള്ള ബാത്ത്റൂമിന്റെ മേൽക്കൂരയും വാതിലും ദ്രവിച്ചിട്ടുണ്ട്.തൊട്ടപ്പുറത്തെ പറമ്പിൽ നിന്നും ഒരു ഉണങ്ങിയമരം അംഗനവാടി കെട്ടിടത്തിനു മുകളിലേക്ക് ചാഞ്ഞു നിൽക്കുന്നത് അത്യാധികം ഗൗരവമുള്ളതാണ്. ആയത് അടിയന്തിരമായി മുറിച്ചുമാറ്റാത്തപക്ഷം കെട്ടിടത്തിന്റെ നിലനിൽപ്പിനെയും കുട്ടികളുടെയും ജീവനക്കാരുടെയും ജീവനെയും ബാധിക്കുന്നതാണ്.

4)നം.87 കല്ലുൻകുന്ന് അംഗനവാടി

കെട്ടിടത്തിന്റെ മേൽക്കൂരയിൽ മരം മാറ്റി അലുമിനിയം പട്ടികയും കഴുക്കോലുമാക്കി ഓടുമേഞ്ഞിട്ടുണ്ട്. എന്നാൽ മഴപെയ്താൽ അംഗനവാടി പ്രവർത്തിക്കുവാൻ സാധിക്കുകയില്ലെന്ന് ജീവനക്കാർ അറിയിച്ചു.പലയിടത്തും ഓട് പൊട്ടി ചോർന്നൊലിക്കുന്നതാണ് കാരണം.മേൽക്കൂരയിൽ ഓട് പൊട്ടി അപകടകരമായവിധത്തിൽ ചാഞ്ഞു നിൽക്കുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.ആയത് ഏതുനിമിഷവും കുട്ടികൾക്കും ജീവനക്കാർക്കും ഭീക്ഷണിയാണ്.ആയത് മാറ്റിസ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്.ഓടിനുമുകളിൽ ടാർപോളിൻ ഷീറ്റ് വിരിച്ചാണ് മഴയത്ത് അല്പമെങ്കിലും പിടിച്ചു നിൽക്കുന്നത്.നിലവിൽ 16 കുട്ടികളാണ് ഇവിടെയുള്ളത്.

5)നം.89 തണ്ട് കോട് അംഗനവാടി

പഴയകെട്ടിടമാണ്.കെട്ടിടത്തിന് വിള്ളലുണ്ട്.മഴപെയ്താൽ നല്ലചോർച്ചയുണ്ട്. മേൽക്കൂരയിൽ നിരവധി ഓടുകൾ പൊട്ടിയനിലയിൽ കണ്ടെത്തി.കെട്ടിടത്തിനോട് ചേർന്ന വിറകുപുരയുടെ ഷീറ്റുകളും ദ്രവിച്ച നിലയിലാണ്.കെട്ടിടത്തിന്റെ അടുക്കള ഭാഗത്തെ ജനലും തകർന്നിട്ടുണ്ട്.മേൽക്കൂരയിലെ വെള്ളം ഒഴുകിപോകാൻ സൗകര്യമില്ല. വെള്ളം താഴ്ന്ന് കിണറിന്റെ ആൾമറ തകർന്നിട്ടുണ്ട്.വെള്ളം നിലവിൽ കിണറിലേക്ക് ഒഴുകുന്ന അവസ്ഥയുണ്ട് .ആയത് അംഗനവാടിയുടെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്.അംഗനവാടി കോമ്പൗണ്ടിലെ മാവ് മരം കെട്ടിടത്തിനു മുകളിലേക്ക് ചാഞ്ഞ് കെട്ടിടത്തിന് ഭീക്ഷണിയായി നിലകൊള്ളുന്നു.വിവരം നിരവധി തവണ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണെന്ന് ജീവനക്കാർ അറിയിച്ചു.ആയത് അടിയന്തിരമായി മുറിച്ചുമാറ്റാത്തപക്ഷം കെട്ടിടത്തിന്റെ നിലനിൽപ്പിനെയും, കുട്ടികളുടെയും ജീവനക്കാരുടെയും ജീവനെയും ബാധിക്കുന്നതാണ്. നിലവിൽ 16 കുട്ടികളാണ് ഇവിടെയുള്ളത്.

6)നം.103 ചേരിപ്പലം അംഗനവാടി

വാടക കെട്ടിടത്തിലാണ് ചേരിപ്പലം അംഗനവാടി പ്രവർത്തിയ്ക്കുന്നതെങ്കിലും കെട്ടിടത്തിനും 'ഫിറ്റ്നസ് സർട്ടിഫിക്കറ്റ് 'ലഭിച്ചിട്ടില്ല.കെട്ടിടത്തിൽ ബാത്ത് റൂം ഇല്ല. ആയതിന് തൊട്ടടുത്ത വീട്ടിലെ ബാത്ത് റൂമിനെയാണ് കുട്ടികളും ജീവനക്കാരും ആശ്രയിക്കുന്നത്.നിലവിൽ 15 കുട്ടികളാണ് ഇവിടെയുള്ളത്.ഇടുങ്ങിയ കെട്ടിടമാണ്. സ്ഥലപരിമിതി ധാരമുണ്ട്.മഴപെയ്താൽ ഈ കെട്ടിടത്തിൽ പ്രവർത്തിയ്ക്കുവാൻ സാധിക്കുകയില്ലായെന്ന് ജീവനക്കാർ അറിയിച്ചു. തദവസരത്തിൽ തൊട്ടടുത്ത പാർട്ടി ഓഫീസിനുകീഴിലെ ഒരു ഇടുങ്ങിയ കെട്ടിടത്തിലാണ് അംഗനവാടി പ്രവർത്തിക്കാറുള്ളത്.പുതിയ കെട്ടിടംപണി നടക്കുന്നുണ്ടെന്നും ബാത്ത്റൂം ടൈൽസ് പണികൾ പൂർത്തിയായൽ പുതിയ കെട്ടിടത്തിലേക്ക് മാറുമെന്നും അറിയിച്ചു.
മേൽ ആറ് അംഗനവാടികളുടേയും പ്രവർത്തനം നിലവിലെ കെട്ടിടങ്ങളിൽ നിന്നും മാറ്റി ബദൽ സംവിധാനമൊരുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ കെട്ടിടങ്ങൾ എല്ലാം തന്നെയും പഴയ കെട്ടിടങ്ങളുമാണ്. സ്ഥലപരിമിതിയും മിക്കയിടത്തുമുണ്ട്.മേൽ കെട്ടിടങ്ങളിൽ നിന്നും കുട്ടികളെ മാറ്റിപ്പാർപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും,കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനും മറ്റു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

സ്വന്തമായി സ്ഥമുണ്ടായിട്ടും കിണർ ഇല്ലാത്ത അംഗനവാടികൾ

താഴെ പറയുന്ന അംഗനവാടികൾക്ക് കിണർകുഴിക്കുവാൻ സ്വന്തമായി സ്ഥമുണ്ടായിട്ടും കിണർ ഇല്ല.

| ക്രമ നം. | അംഗനവാടിയുടെ പേര് | റിമാർക്സ് |
|---|---|---|
| i | നം.81 മേലേകാളികാവ് | പൈപ്പ് വെള്ളം |
| ii | നം. 82 അമ്പലക്കടവ് | പൈപ്പ് വെള്ളം |
| iii | നം. 84 തൊടികപ്പുലം | പള്ളിയിൽ നിന്നും വെള്ളമെടുക്കുന്നു |
| iv | നം. 85 ഈനാദി | അയൽപക്കത്തെ വീട്ടിലെ കിണറിൽ നിന്നും വെള്ളമെടുക്കുന്നു |
| v | നം. 95 പരിയങ്ങാട് | പൈപ്പ് വെള്ളം |
| vi | നം. 102 പയറ്റുകുഴി | പൈപ്പ് വെള്ളം |
| | | |

| | | |
|---|---|---|
| vii | നം. 107 ചേരുകുളമ്പ് | അയൽപക്കത്തെ വീട്ടിലെ കിണറിൽ നിന്നും വെള്ളമെടുക്കുന്നു |
| viii | നം. 108 കാവുങ്ങൽ | പൈപ്പ് വെള്ളം |
| ix | നം. 112 കുറുകപൊയിൽ | അയൽപക്കത്തെ വീട്ടിലെ കിണറിൽ നിന്നും വെള്ളമെടുക്കുന്നു |

കിണർകുഴിക്കുവാൻ സ്വന്തമായി സ്ഥമുണ്ടായിട്ടും ജലലഭ്യത ഉറപ്പായിട്ടും കിണർ ഇല്ലാത്ത അംഗനവാടികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർകുഴിക്കുന്നതിനും ആൾമറകെട്ടുന്നതിനും പദ്ധതി തയ്യാറാക്കി ജലക്ഷാമം പരിഹരിയ്ക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

<u>സ്വന്തമായി കെട്ടിടമുണ്ടായിട്ടും വൈദ്യുതി ലഭിക്കാത്ത അംഗനവാടികൾ</u>

താഴെ പറയുന്ന അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടായിട്ടും നാളിതുവരെയും വൈദ്യുതി ലഭ്യമായിട്ടില്ല.

| ക്രമനം. | അംഗനവാടിയുടെ പേര് |
|---|---|
| i | നം.107 ചേരുകുളമ്പ് |
| ii | നം. 108 കാവുങ്ങൽ |
| iii | നം. 112 കുറുകപൊയിൽ |

അപാകത പരിഹരിയ്ക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

നം. 109 ഐലാശ്ശേരി അംഗനവാടിക്ക് സ്വന്തമായി സ്ഥലം ലഭിച്ചിട്ടും നാളിതുവരെയും കെട്ടിടമുണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

വിഷയം സംബന്ധിച്ച് 27.11.2019 ലെ എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധയിൽപെടുത്തുകയുണ്ടായി . വർഷങ്ങൾ ഏറെയായിട്ടും കാളികാവ് ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിലെ കുട്ടികൾക്ക് കളിയുപകരണങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്നത് ഐ സി ഡി എസ് സൂപ്പർവൈസർ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി.

അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതും ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-33 ജനങ്ങൾക്ക് ഉപകാരപ്രദമല്ലാത്ത ഭാഗത്തെ റോഡ് കോൺക്രീറ്റ്-പദ്ധതി രൂപീകരണത്തിൽ ഗുരുതരമായ വീഴ്ച

കാളികാവ് ഗ്രാമപഞ്ചായത്തിലെ പാറശ്ശേരി റാവുത്തൻകാട് റോഡ് കോൺക്രീറ്റ് പ്രവർത്തി സംബന്ധിച്ച് ശ്രീ.ഫിറോസ് ഈശ്വരത്ത് എന്നയാൾ, ഓഡിറ്റ് കാര്യാലയത്തിലേക്ക് അയച്ചു തന്ന പരാതി 27/11/2019-ന് ഭൌതികമായി പരിശോധിക്കുകയുണ്ടായി. ജനങ്ങൾക്ക് ഉപകാരപ്രദമായ സ്ഥലത്തു നിന്ന് മാറിയാണ് പ്രവൃത്തി ചെയ്യുന്നതെന്നും യാഥാർത്ഥത്തിൽ കൂടുതൽ ജനവാസമുള്ള ഏരിയയിലാണ് റോഡ് നിർമ്മിക്കേണ്ടതെന്നുമാണ് പരാതിയിൽ പറയുന്നത്. പ്രൊജക്റ്റ് നം.147/19 പ്രകാരം നിശ്ചയിച്ചിട്ടുള്ള ചെയിനേജ് 0/350m മുതൽ 0/475m ആണ്. പരിശോധനയിൽ ചെയിനേജ് 0 മുതൽ 350 m വരെയുള്ള റോഡിന്റെ നിജസ്ഥിതി, പരിശോധനയിൽ ബോധ്യപ്പെട്ടത് താഴെ ചേർക്കുന്നു

0 – 35m വരെ കോൺക്രീറ്റ് ചെയ്ത യോഗ്യമായ റോഡ്

34 – 65m കോൺക്രീറ്റ് ചെയ്യാത്ത ഗതാഗത യോഗ്യമല്ലാത്ത റോഡ്

65 – 112m കോൺക്രീറ്റ് ചെയതത്

112 – 248m കോൺക്രീറ്റ് ചെയ്യാത്ത ഭാഗം.വെള്ളം കെട്ടിനിൽക്കുന്ന പ്രദേശം റോഡിലൂടെ വെള്ളം ഒഴുകുന്നത് നേരിൽ കണ്ട് ബോധ്യപ്പെട്ടു.

248-350m കോൺക്രീറ്റ് ചെയ്തത്.

പ്രൊജക്ടിൽ പ്ലാൻ ചെയ്തത് 350m to 457m ചെയിനേജിലാണ്. ജനവാസം കുറഞ്ഞ ഏരിയയാണിത്. പരാതിയിൽ പറയുന്നത് വെള്ളക്കെട്ടുള്ള 112m ചെയിനേജ് മുതൽ റോഡ് പ്രവൃത്തി ചെയ്യണമെന്നാണ്. ജനവാസം കൂടുതലുള്ള ഈ ഭാഗം കോൺക്രീറ്റ് ചെയ്യാതെ, ബാക്കിയുള്ള ഭാഗം കോൺക്രീറ്റ് ചെയ്യുന്നത് യുക്തിസഹമല്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. പരാതിയിലെ ജനങ്ങളുടെ ആവശ്യം തികച്ചും ന്യായമാണെന്നു കാണുന്നു. ജനങ്ങളുടെ എതിർപ്പ് കാരണം പദ്ധതി നിർവ്വഹിക്കപ്പെട്ടിട്ടില്ല. പ്രദേശവാസികൾക്ക് മുഴുവൻ പ്രയോജനപ്രദമായ രീതിയിൽ റോഡിന്റെ പുനരുദ്ധാരണത്തിനായി പ്രൊജക്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകത.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ ഉടമസ്ഥതയിൽ ആണെങ്കിലോ, ഒരാളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളുണ്ടെങ്കിലോ, കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ വ്യത്യസ്ത ഉപയോഗങ്ങൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്യുമ്പോഴാണ് കെട്ടിടത്തിന് വെവ്വേറെ കെട്ടിടനമ്പറുകൾ നൽകി നികുതി ചുമത്തേണ്ടത്. ശ്രീ.മുഹമ്മദ് നജീബ്, നീലാമ്പ്ര ഹൗസ്, പുന്നപ്പാല.പി.ഒ, എറിയാട് എന്നവരുടെ ഉടമസ്ഥതയിലുള്ള 800.07 ച.മീ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കെട്ടിടനമ്പർ അനുവദിച്ച് തരുന്നതിന് അപേക്ഷ നൽകിയപ്പോൾ 26 പ്രത്യേക നമ്പറുകൾ നൽകി 100 ച.മീറ്ററിന് താഴെയുള്ള കെട്ടിടങ്ങളുടെ നിരക്കിൽ വസ്തുനികുതി നികുതി നിർണ്ണയിച്ച് നൽകി. ഈ കെട്ടിടം ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതാണ്. തക്കതായ കാരണങ്ങൾ കാണിച്ച് മുറികൾക്ക് പ്രത്യേക നമ്പർ നൽകാൻ ഉടമസ്ഥൻ അപേക്ഷ പോലും നൽകിയിട്ടില്ല. ഈ കെട്ടിടം പൂർണ്ണമായും "സിൽക്കി വെഡ്ഡിംഗ് സെന്റർ" എന്ന വസ്ത്ര വ്യാപാര സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാണ് ഉപയോഗിക്കുന്നത് എന്ന് 26.11.2019 ന് നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യമായി.

100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് 50 രൂപയാണ് കാളികാവ് ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കായി നിശ്ചയിച്ചിട്ടുള്ളത്. 10.08.2018 ന് 800.07 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് 30 രൂപ/ച.മീ അടിസ്ഥാന വസ്തുനികുതി നിരക്കായി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | KP 6/513 A മുതൽ KP 6/513 Z2 വരെയുള്ള 26 നമ്പരുകൾ. |
| തറവിസ്തീർണ്ണം (G.F- 362.34 ച.മീ, F.F – | 800.07 ച.മീറ്റർ |

| | |
|---|---|
| 437.73) | |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (800.07 x 50) | 40004 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 8001 രൂപ |
| ആകെ വസ്തുനികുതി | 48005 രൂപ |
| ബഹുനില കെട്ടിടത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം നിലയ്ക്കുള്ള ഇളവ് (437.73 x 50 =21887 + വർദ്ധനവ് 20% = 26265- x 5% = 1313 | 1313 രൂപ. |
| നിർണ്ണയിക്കേണ്ട വസ്തുനികുതി | 46692 രൂപ |
| നിർണ്ണയിച്ച വസ്തുനികുതി | 27970 രൂപ. |
| നിർണ്ണയിച്ചതിൽ കുറവ് | 18722 രൂപ. |
| നിർണ്ണയിക്കേണ്ട ലൈബ്രറി സെസ്സ് (46692 x 5%) | 2335 രൂപ |
| നിർണ്ണയിച്ച ലൈബ്രറി സെസ്സ് | 1407 രൂപ |
| ലൈബ്രറി സെസ്സ് നിർണ്ണയിച്ചതിൽ കുറവ് | 928 രൂപ. |
| ആകെ നഷ്ടം (18722 + 928 ) | 19650 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 19650/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 21/26.11.2019 – മറുപടി ലഭ്യമാക്കിയിട്ടില്ല)

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല.

നി.ഉദ്യോഗസ്ഥൻ: അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാരൻ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2012,201-1 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന , കാലാവധി

തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% എല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണ്.

1) കാളികാവ് മൃഗാശുപത്രി പുനരുദ്ധാരണം 222/18,297/19.

അടങ്കൽ: 300000 രൂപ

കരാറുകാരൻ: ശ്രീ അക്ബർ മാഞ്ചേരി

കരാർ: 98/17-18/5.12.17 (ER)

കരാർ തുക: 292304 രൂപ

അളവ് പുസ്തകം: 98/17-18/5-12-17

പ്രവൃത്തിസ്ഥലം കൈമാറിയത്: 5-12-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 4-6-18

പൂർത്തീകരിച്ചതീയതി: 15-1-19 (അളവ് പുസ്തകം 98/17-18 പേജ് 14)

ചെലവ്: 292280രൂപ (ബിൽ 107/17-18/24-3-18, 211020 രൂപ. 123/18-19/23-3-19, 81260 രൂപ )

മൂല്യനിർണ്ണയം: 292280

(-) part bill 211020

ബാക്കി 81260

(-) നികുതികൾ2%: 1625

പിഴ 2923

കരാറുകാരന്: 76712

ഈടാക്കേണ്ട പിഴ:

ആദ്യ തവണ PAC യുടെ 1% : 2923.04 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 5-6-18 to 20-7-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 5846.08 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 21-7-18 to 3-9-18)

ആകെ 8769 രൂപ.

ഈടാക്കിയത് 2923 രൂപ

ബാക്കി അടക്കേണ്ടത് 5846 രൂപ

2) പോലീസ് സ്റ്റേഷൻതൃക്കേക്കൈ റോഡ് റീ- ടാറിംഗ് 123/18, 279/19.

അടങ്കൽ: 300000 രൂപ

കരാറുകാരൻ: ശ്രീ അക്ബർ മാഞ്ചേരി

കരാർ: 99/17-18/5-12.17 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 298640 രൂപ

അളവ് പുസ്തകം: 99/17-18,

പ്രവ്യത്തിസ്ഥലം കൈമാറിയത്: 5-12-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 4-6-18

പൂർത്തീകരിച്ചതീയതി: 3-12-18 (അളവ് പുസ്തകം പേജ് 18)

ചെലവ്: 298640രൂപ (ബിൽ 60/17-18/21-12-18, 204787 രൂപ. 114/18-19/19-3-19, 94553 രൂപ )

മൂല്യനിർണ്ണയം: 298640

(-) part bill 204087

ബാക്കി 94553

(-) നികുതികൾ2%: 1890

കരാറുകാരന്: 92663

ഈടാക്കേണ്ട പിഴ:

ആദ്യ തവണ PAC യുടെ 1% : 2986.40 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 5-6-18 to 20-7-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 5972.80 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 21-7-18 to 3-9-18)

ആകെ 8959 രൂപ.

3)സ്വലാത്ത്നഗർ ആപ്പക്കണ്ടം റോഡ് ടാറിംഗ് 161/18, 281/19.

അടങ്കൽ: 200000 രൂപ

കരാറുകാരൻ: ശ്രീ രാജേഷ് കുമാർ

കരാർ: 74/17-18/11-9.17 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 199880 രൂപ

അളവ് പുസ്തകം: 74/17-18,

പ്രവ്യത്തിസ്ഥലം കൈമാറിയത്: 11-9-17

കരാർ കാലവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 10-3-18

പൂർത്തീകരിച്ചതീയതി: 8-8-18 (അളവ് പുസ്തകം പേജ് 15)

ചെലവ്: 194995രൂപ (ബിൽ 116/17-18/31-3-18, 130944 രൂപ. 72/18-19/19-3-19, 94553 രൂപ )

മൂല്യനിർണ്ണയം: 194995

(-) part bill 130944

ബാക്കി 64051

(-) നികുതികൾ2%: 1282

കരാറുകാരന്: 62769

ഈടാക്കേണ്ട പിഴ:

ആദ്യ തവണ PAC യുടെ 1% : 1998.90 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 11-3-18 to 24-4-18)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 3997.60 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 25-4-18 to 8-6-18)

ആകെ 5996 രൂപ.

ഇക്കാര്യമുന്നയിച്ച് നൽകിയ 18/26-11-19 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ക്രമ നംപർ 4 ന് മറുപടി ലഭ്യമാക്കുകയും ആയത് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്). ആയതിനാൽ ആകെ നഷ്ടം 20801 രൂപ (5846+8959+5996) ഉത്തരവാദിയിൽ നിന്നീടാക്കേണ്ടതാണ്.

## 3-2 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ltസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1) പൂങ്ങോട് ആയുർവേദ ആശുപത്രി കെട്ടിട നിർമാണം 222/18,297/19.

അടങ്കൽ: 1000000 രൂപ (തനത് ഫണ്ട്)

കൺവീനർ: ശ്രീമതി സൗമ്യ എം കെ

കരാർ: 42/17-18/8.9.17

അളവ് പുസ്തകം: 42/17-18

ചെലവ്: 1000000രൂപ (ചെക്ക് നംപർ 2032320/29-12-17)

മൂല്യനിർണ്ണയം: 1000000

(-) IT @ 1% 10000

(-)WF @ 1% 10000

കൺവീനർക്ക് 980000

ക്രമപ്രകാരം ബില്ലിൽ നിന്നും 5% കുറവ് ചെയ്യാതിരുന്നതു മൂലം 50000/- രൂപയും ആദായനികുതി 2% കുറവ് ചെയ്യേണ്ടതിന് പകരം 1% കുറവ് ചെയ്തത് വഴി 10000 രൂപയും (ആകെ 60000 രൂപ) ഗുണഭോക്തൃ സമിതിക്ക് അധികം നൽകാനിടയായിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/17.09.18) ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച മാർഗനിർദ്ദേശം ലഭിച്ചത് 16-3-18 നാണെന്നും മേൽ പ്രവൃത്തിയുടെ ബിൽ സമർപ്പിച്ചത് 29-12-17 നാണെന്നമാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഈ മറുപടി സ്വീകാര്യമല്ല. ആയതിനാൽ 60000 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അതാത് ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.07.19 മുതൽ 18.07.2019 വരെ | കെ എസ് എ .എം പി എം 6/1330/19 തി. 22.08.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| കാളികാവ് ബ്ലോക്ക് പഞ്ചായത്ത് | 1486237 | ലൈഫ് ഭവനപദ്ധതി -(ജനറൽ ) (നം.01/19) | 1486000 | 237 |
| | 314948 | ലൈഫ് ഭവനപദ്ധതി -(എസ് സി )(നം.11/19) | 310000 | 4948 |
| | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -(നം.40/19) | 500000 | 0 |
| | 400000 | ക്ഷീരകർഷകർക്ക് പാലിനി സബ്സിഡി (നം.256/19) | 400000 | 0 |
| മലപ്പുറം ജില്ലാപഞ്ചായത്ത് | 1853180 | ലൈഫ് ഭവനപദ്ധതി -( ജനറൽ) (നം.01/19) | 1853000 | 180 |
| | 500000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 500000 | 0 |

| | | | | |
|---|---|---|---|---|
| | | (നം.40/19) | | |
| | 500000 | പരിയങ്ങാട് അംഗനവാടി നിർമ്മാണം-(നം.299/19) | 500000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പേവുന്തറ -താണിക്കാംപൊയിൽ -വെള്ളംചാട്ടുകല്ല് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ (255/19) | 21801047/25.09.18 | 150000 | 150000 | 0(പൂർത്തീകരിച്ചു) |
| കെ എസ് ഇ ബി | ചേരങ്കോട് എസ് സി കോളനി കുടിവെള്ളപദ്ധതിയ്ക്ക് ത്രീ ഫേസ് വൈദ്യുതലൈൻ സ്ഥാപിയ്ക്കൽ (248/19) | 21801055/11.10.18 | 69888 | 69888 | 0(പൂർത്തീകരിച്ചു) |
| കേരള വാട്ടർ അതോറിറ്റി | ആർപൊയിൽ -വെള്ളംചാട്ടുകല്ല് ഭാഗത്തേക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ (254/19) | 21801046/25.09.18 | 50000 | 50000 | 0(പൂർത്തീകരിച്ചു) |
| കേരള വാട്ടർ അതോറിറ്റി | തൃക്കേകൈ ഭാഗത്തേക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ (262/19) | 21801048/25.09.18 | 50000 | 50000 | 0(പൂർത്തീകരിച്ചു) |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ (321/19) | 21801097/29.11.18 | 247500 | 247000 | 500 (പൂർത്തീകരിച്ചു) |

| | | | | | |
|---|---|---|---|---|---|
| മൈനർ ഇറിഗേഷൻ വകുപ്പ് | കാളികാവ് പുഴയിൽ തടയണ നിർമ്മാണം (253/19) | 21801054/11.10.18 | 3200000 | 3200000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | ലൈഫ് ഭവനപദ്ധതി (KURDFC) | ജി.ഒ. (എം.എസ്)നം. 227/LSGD തിയതി 18.08.18 | 16741747 | 0 | 0 | 16741747 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28040രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2004-05 | 3(1) | 819 | അക്ബർ മാഞ്ചേരി | 118010100213/13.04.18 |
| 2004-05 | 3(1) | 1619 | അക്ബർ മാഞ്ചേരി | 118010100214/13.04.18 |
| 2000-01 | 3(4) | 552 | ജാഫറലി | 118010100634/10.05.18 |
| 2000-01 | 3(11) | 204 | കെ എം രാജഗോപാൽ | 118010100635/10.05.18 |
| 2000-01 | 3(11) | 1700 | കെ എം രാജഗോപാൽ | 118010100635/10.05.18 |
| 2001-02 | 3(11) | 2050 | കെ അയ്യപ്പൻ | 118010100636/10.05.18 |
| 2014-15 | 3(3) | 14991 | നാരായണി | 118010102070/31.07.18 |
| 2014-15 | 3(2) | 6105 | നാരായണി | 118010102071/31.07.18 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | 2-8 | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12<br>2012-13 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(4) | 2016-17 | അനുബന്ധം 3 | വസ്തു നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2008-09 | 2-2,2-4,2-6 | എൻ.വി.സലീം | LF8581/spl.cell/Sc/D1/12/23.07.2014 | 44580 | 34670 രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,82,47,378 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 9,95,71,818 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 19,650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 80,801 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,06,459 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 19650 | | ശ്രീമതി.മെയ്ദിനി പി എം,സെക്രട്ടറി -ഇൻ-ചാർജ് |

| | | | |
|---|---|---|---|
| 3-1 | | 20,801 | ശ്രീ.അനോജ്കുമാർ<br>അസി.എഞ്ചിനീയർ |
| 3-2 | | 60,000 | ശ്രീ.അനോജ്കുമാർ,അസി.എഞ്ചിനീയർ |
| ആകെ | 19,650 | 80,801 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 153273 | ശ്രീമതി. ദിവ്യ ജി എൻ ,ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-25 | 353186 | ഡോ.ജസീല വളപ്പിൽ ,മെഡിക്കൽ ഓഫീസർ ,സി എച്ച് സി |
| ആകെ | 5,06,459 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 2-1 | 16,002 +16,002<br>(32004) | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മെയ്ദിനി പി എം, സെക്രട്ടറി -ഇൻ-ചാർജ് | ജൂനിയർ സൂപ്രണ്ട് ,പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് ,നിലമ്പൂർ | മരേങ്ങലത്ത് വീട് ,മേലാറ്റൂർ (പി ഒ),<br>മലപ്പുറം ജില്ല,പിൻ -679326 |
| ശ്രീ.അനോജ്കുമാർ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ ,എൽ എസ് ജി ഡി സെക്ഷൻ,അരുവാപ്പുലം ,പത്തനംതിട്ട ജില്ല | അനോജ് ഭവൻ<br>വെട്ടമ്പള്ളി<br>ഇരിഞ്ചയം( പി ഒ)<br>നെടുമാങ്ങാട് ,തിരുവനന്തപുരം ജില്ല,പിൻ -695561 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.എം5/310/09 തീയ്യതി 11.2.11 | 14 | |
| 1998-99 (പ്ലാൻ) | എൽ.എഫ്.എം5/310/04 തീയ്യതി 11.2.11 | 5 | |
| 1998-99 | എൽ.എഫ്.എം5/1853/07 തീയ്യതി 11.2.11 | 4 | |
| 1999-00 | എൽ.എഫ്.എം5/1850/07 തീയ്യതി 11.2.11 | 10 | |
| 2000-01 | എൽ.എഫ്.എം5/1144/09 തീയ്യതി 11.2.11 | 9 | |
| 2001-02 | എൽ.എഫ്.എം5/479/07 തീയ്യതി 11.2.11 | 11 | |
| 2002-03 | എൽ.എഫ്.എം5/480/07 തീയ്യതി 11.2.11 | 8 | |
| 2003-04 | എൽ.എഫ്.എം5/48/08 തീയ്യതി 11.2.11 | 17 | |
| 2004-05 | എൽ.എഫ്.എം5/1155/07 തീയ്യതി 11.2.11 | 8 | |
| 2005-06 | എൽ.എഫ്.എം5/1156/07 തീയ്യതി 11.2.11 | 3 | |
| 2006-07 | എൽ.എഫ്.എം5/586/09 തീയ്യതി 25.4.11 | 19 | |
| 2007-08 | എൽ.എഫ്.എം6/1439/11 തീയ്യതി 23.8.11 | 14 | |
| 2008-09 | എൽ.എഫ്.എം6/1440/11തീയ്യതി 14.2.11 | 26 | |
| 2009-10,10-11 | എൽ.എഫ്.എം6/1518/2013 തീയ്യതി 06.12.13 | 21 | |
| 2011-12 2012-13 | എൽ.എഫ്.എം6/498/15 തീയ്യതി 7.4.15 | 29 | |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം.6/1401/16 തീയതി 30-06-2016 | 21 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3262/17 തീയതി 21-03-2018 | 9 | |
| 2016-17 | കെ.എസ്.എ.എം.പി.എം.6/1998/17 തീയതി 09-07-2018 | 22 | |
| 2017-18 | കെ.എസ്.എ.എം.പി.എം.6/2422/18 തീയതി 03-11-2018 | 11 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

മലപ്പുറം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.6/1330/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 22/08/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.